| ഫാ. ഷാജു ഊക്കൻ | 18 |
| ഫാ. ജെയ്സൻ തെക്കുംപുറം | 20 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 22 |
| ഫാ. റാഫേൽ താണിശ്ശേരി | 22 |
| ഫാ. അൻവിൻ ചിറ്റിലപ്പിള്ളി | 23 |
| ഫാ. സോളി തട്ടിൽ | 23 |
| ഫാ. ജെയ്സൻ കൂനംപ്ലാക്കൽ | 25 |

ഫാ. ജോൺസൻ അന്തിക്കാട്ട് 26
ഫാ. ഡിക്സൺ കൊളമ്പ്രത്ത് 26
ഫാ. റോയ് ജോസഫ് വടക്കൻ 26
ഫാ. ആന്റോ ചിരിയങ്കണ്ടത്ത് 27
ഫാ. പോൾ കള്ളിക്കാടൻ 27
ഫാ. സേവിയർ പാണേങ്ങാടൻ 28
ഫാ. ജോൺസൻ ഒലക്കേങ്കിൽ 29
ഫാ. ചാക്കോ ചിറമ്മൽ 30
ഫാ. സന്തോഷ് അന്തിക്കാട്ട് 31




## നാമഹേതുകതിരുനാൾ

ഫാ. ജോൺ അയ്യങ്കാനയിൽ 04
ഫാ. ജോൺസൻ കുണ്ടുകുളം 04
ഫാ. സെബി വെളിയൻ 04
ഫാ. ലോറൻസ് ഒലക്കേങ്കിൽ 10
ഫാ. ലോറൻസ് തൈക്കാട്ടിൽ 10
ഫാ. ജിബി വാഴപ്പിള്ളി 10
ഫാ. ഡേവിസ് ചിറമ്മൽ സീനിയർ 21
ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ 28
ഫാ. അനുവിൻ താണിക്കൽ 29
ഫാ. ജോൺസൻ ഊക്കൻ 29




## ചരമദിനങ്ങൾ

ഫാ. പൗലോസ് എടച്ചേരി 26.08.1891
ഫാ. വർഗ്ഗീസ് മുത്തേടൻ 17.08.1903
ഫാ. സെബാസ്റ്റ്യൻ ചിറമ്മൽ
അവറാൻ 15.08.1917

| | |
|---|---|
| മോൺ. ജോൺ പാലോക്കാരൻ | 19.08.1948 |
| ഫാ. ജോർജ്ജ് തൈവളപ്പിൽ | 15.08.1950 |
| ഫാ. ജോസ് പറമ്പൻ സീനിയർ | 17.08.1954 |
| ഫാ. ജേക്കബ് പനക്കൽ | 04.08.1955 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 07.08.1955 |
| ഫാ. ജോർജ്ജ് പാനികുളം | 14.08.1957 |
| ഫാ. ആൻഡ്രൂസ് ചൊവ്വല്ലൂർ | 21.08.1961 |
| ഫാ. ജോൺ ചിറമ്മൽ സീനിയർ | 03.08.1968 |
| ഫാ. ജോർജ്ജ് മാളിയേക്കൽ സീനിയർ | 27.08.1968 |
| ഫാ. ജോസഫ് തറയിൽ | 11.08.1969 |
| ഫാ. ജേക്കബ് ആളൂർ | 11.08.1975 |
| ഫാ. ജോസഫ് ചക്കാലമറ്റം | 25.08.1978 |
| ഫാ. ജേക്കബ് വടാശ്ശേരി | 26.08.1978 |
| ഫാ. ജോസഫ് പുളിക്കൻ സീനിയർ | 09.08.1979 |
| ഫാ. ജോസഫ് തോട്ടുങ്കൽ | 12.08.1988 |
| ഫാ. ജോർജ്ജ് ആലങ്ങാടൻ | 30.08.1994 |
| ഫാ. ജേക്കബ് ചാലക്കൽ | 08.08.2001 |
| ഫാ. പോൾ പൂവ്വത്തിങ്കൽ | 13.08.2005 |
| ഫാ. പോൾ അരിക്കാട്ട് | 16.08.2005 |
| ഫാ. ആന്റണി പൊറത്തൂർ | 04.08.2007 |
| ഫാ. ബാബു ചേലപ്പാടൻ | 12.08.2017 |



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

ജൂൺ 2022

**1. സി.എസ്.എം**

ജൂൺ 6–ാം തിയ്യതി എറണാകുള ത്തുവച്ചു നടന്ന കെസിബിസി, കെസിഎംഎസ് ജോയിന്റ് മീറ്റിം ഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ജിയോ മരിയ പങ്കെടു ത്തു. 12.6.2022 മുതൽ മണ്ണംപേട്ട ജനറലേറ്റിൽ വച്ചു നടന്ന സുപ്പീ രിയേഴ്സ് കോഴ്സിൽ പ്രോവിൻ സിലെ എല്ലാ സുപ്പീരിയേഴ്സും പങ്കെടുത്തു. 6.6.2022 ന് ആദ്യവ്ര തവാഗ്ദാനത്തിനും നിത്യവ്രത വാഗ്ദാനത്തിനും ഒരുങ്ങുന്ന സിസ്റ്റേഴ്സിന്റെ പാരന്റ്സ് മീറ്റിങ്ങ് പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് നടത്തി.

**2. എഫ്.സി.സി.**

ജൂൺ 1 ന് ആരംഭിച്ച ജൂണിയറേറ്റ് കോഴ്സിൽ 10 ജൂണിയേഴ്സ് സംബന്ധിക്കുന്നു. മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെ ന്റിൽ വച്ച് ജൂൺ 4–ാം തീയതി നടന്ന ഫോർമേഷൻ ഡേ ആഘോ ഷ പരിപാടികളിൽ എല്ലാ അർത്ഥി നികളും മിസ്ട്രസ്സമാർ ഫോർമേ ഷൻ കമ്മിറ്റി അംഗങ്ങൾ, പ്രൊവി ൻഷ്യൽ വൊക്കേഷൻ പ്രൊമോട്ടേ

ഴ്സ്, പ്രൊവിൻഷ്യൽ ടീം എന്നിവരും പങ്കെടുത്തു. കുട്ടംകുളം ആബാ കോൺവെന്റിൽ വച്ച് നടത്തിയ വൊക്കേഷൻ ക്യാമ്പിൽ 20–തോളം കുട്ടികൾ പങ്കെടുത്തു. ജൂൺ 6–ാം തീയതി ലോക്കൽ സോഷ്യൽ പ്രൊമോട്ടേഴ്സിനായി Google Meet വഴി നടത്തിയ മീറ്റിംഗിൽ എല്ലാ ലോക്കൽ സോഷ്യൽ പ്രൊമോട്ടേഴ്സും സംബന്ധിച്ചു. ജൂൺ 7,8 തീയതികളിൽ പാലാരിവട്ടം കെ.സി.എം.എസ്–ന്റെ നേതൃത്വത്തിൽ പി ഒ സി യിൽ വച്ച് നടന്ന KCMS General body aoänw-Knepw KCBC & KCMS Joint Meet ലും പ്രൊവിൻഷ്യൽ കൗൺസിലർ റവ. സി. ഫിലോ ജീസ് സംബന്ധിച്ചു.

3. **എം. എം. ബി.**

**പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം:** 1948 ലെ പെന്തക്കുസ്താ തിരുനാളിൽ സ്ഥാപിതമായ മലബാർ മിഷനറി ബ്രദേഴ്സിന്റെ പ്ലാറ്റിനം ജൂബിലി ഈ കഴിഞ്ഞ പെന്തക്കുസ്താ ദിനത്തിൽ ജൂൺ 5–ാം തീയതി ഞായറാഴ്ച തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. തുടർന്ന് പ്രോവിൻഷ്യൽ സുപ്പീരിയർമാരായ ബ്രദർ ജോസ് ചുങ്കത്ത്, ബ്രദർ സോജൻ പൈകട എന്നിവർക്ക് ജൂബിലി തിരികൾ വിതരണം ചെയ്തു. എം.എം.ബി.യുടെ ഭവനങ്ങളിലേക്കുള്ള ജൂബിലി തിരികൾ വികർ ജനറൽ ബ്രദർ എഡ്വിൻ കുറ്റിക്കലാണ് വിതരണം നടത്തിയത്. ആശംസാ സമ്മേളനത്തിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. വികർ ജനറൽ ബ്രദർ എഡ്വിൻ കുറ്റിക്കൽ സ്വാഗതം ആശംസിച്ചു. എഫ്.സി.സി. സന്യാസ സമൂഹത്തിന്റെ തൃശൂർ പ്രവിശ്യയുടെ വികർ പ്രോവിൻഷ്യൽ റവ. സിസ്റ്റർ ഫോൺസി മരിയ, ഷെവലിയാർ പ്രൊഫസർ ജോർജ്ജ് മേനാച്ചേരി എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. പ്രോവിൻഷ്യൽ സുപ്പീരിയർമാരായ ബ്രദർ ജോസ് ചുങ്കത്ത്, ബ്രദർ സോജൻ പൈകട എന്നിവരും മംഗളാശംസകൾ നടത്തി. ബ്രദർ കുരിയാക്കോസ് ചുണ്ടെലിക്കാട്ട് എല്ലാവർക്കും നന്ദി പറഞ്ഞു.

4. **സി.എം.സി.**

കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ലോക്കൽ സുപ്പീരിയേഴ്സിനായി 5 ദിവസത്തെ കോഴ്സ് നടത്തി. ജൂൺ 10 ന് സുപ്പീരിയേഴ്സിനേയും ലോക്കൽ ഫിനാൻസ് സെക്രട്ടറിമാരേയും കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ ഒന്നിച്ചുചേർത്ത് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രൊവിൻഷ്യൽ കൗൺസിലും പ്രൊവിൻഷ്യൽ ഫിനാൻസ് സെക്രട്ടറിയും നൽകി. ആറ്, ഏഴ് തിയ്യതികളിലായി എറണാകുളത്തുവച്ചുനടന്ന KCBC, KCMS Meeting ൽ പ്രൊവിൻഷ്യൽ കൗൺസിലർ സി.

മരിയ ജോസ് പങ്കെടുത്തു. 12ന് പറപ്പൂർ സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫോർമേഷൻ ഹൗസിൽ വച്ച് 4 അർത്ഥിനികൾ candidacy യിലേക്ക് പ്രവേശിച്ചു. Online വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ മീറ്റിംഗിൽ എല്ലാ പ്രൊവിൻസ്തല വൊക്കേഷൻ പ്രൊമോട്ടേഴ്സും പങ്കെടുത്തു. 25 ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച്, ആലുവ ജനറലേറ്റിൽ നിന്ന് സംഘടിപ്പിച്ച നാല് ദിവസത്തെ Online റൂബി ജൂബിലി കോഴ്സിൽ 7 സിസ്റ്റേഴ്സ് പങ്കെടുത്തു.

## ആദരാഞ്ജലികൾ



08/06/2022 സി.എം.സി. ഒല്ലൂർ വിൻസന്റ് ഡി പോൾ മഠാംഗമായ, സി. റോസ് താര നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപതാ വികാരി ജനറാൾ മോൺ. ജോസ് കോനിക്കരയുടെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തപ്പെട്ടു



09/06/2022 സി.എം.സി. പാവറട്ടി സി.കെ. സി. മഠാംഗമായ, സി. പസ്കാസിയ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപതാ വികാരി ജനറാൾ മോൺ. ജോസ് കോനിക്കരയുടെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തപ്പെട്ടു

**സി. സോഫി പെരേപ്പാടൻ എസ്.എ.ബി.എസ്.**
പ്രസിഡണ്ട്

**സി. ലെത്തീസിയ എസ്. എം.സി.**
സെക്രട്ടറി

# മാർ തോമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രം പാലയൂർ

**1. വിശ്വാസ സംരക്ഷണയാത്രയ്ക്കു ഉജ്ജ്വല സമാപനം**

മാർ തോമാ ശ്ലീഹായുടെ 1950ാം രക്തസാക്ഷിത്വ വാർഷികത്തിന്റെ ഭാഗമായി വിശ്വാസം ഉറക്കെ പ്രഖ്യാപിക്കാനും വെല്ലുവിളികളെ ചങ്കുറപ്പോടെ നേരിടാനും ലക്ഷ്യം വെച്ച് അതിരൂപതയിലെ 16 ഫൊറാനകളിലൂടെ കടന്നുവന്ന ദീപശിഖ പ്രയാണം (കത്തോലിക്ക കോൺഗ്രസ്സ്), പതാക പ്രയാണം (സി. എൽ. സി. & ജീസസ് യൂത്ത്), ഛായചിത്ര പ്രയാണം (കെ. സി. വൈ. എം.) എന്നിവ ജൂലൈ 2ന് വൈകീട്ട് 5 മണിക്ക് ചാവക്കാട് സെന്ററിൽ എത്തിച്ചേർന്നു. അതിരൂപതാ സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ സ്വീകരണ പരിപാടികൾ ഉദ്ഘാടനം ചെയ്തു. അഡ്വ.ബിജു കുണ്ടുകുളം മുഖ്യ പ്രഭാഷണം നടത്തി. മോൺ. ജോസ് വള്ളൂരാൻ, ചാൻസലർ റവ ഫാ. ഡൊമിനിക് തലക്കോടൻ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന, റവ ഫാ. വർഗീസ് കുത്തൂർ, റവ ഫാ. ഡേവിസ് കണ്ണമ്പുഴ, ശ്രീ പി. ഐ. ലാസർ മാസ്റ്റർ, ശ്രീ സി കെ ജോസ് എന്നിവർ സംസാരിച്ചു. തുടർന്ന് പദയാത്ര പാലയൂർ തീർത്ഥകേന്ദ്രത്തിൽ എത്തിയപ്പോൾ ഫൊറാന സി. എൽ. സി. പ്രവർത്തകരുടെ ഫ്ളാഷ് മോബിലൂടെ സ്വീകരിച്ചു.

**2. ദുക്റാന തിരുനാൾ ഭക്ത്യാദരപൂർവ്വം ആഘോഷിച്ചു**

പാലയൂർ മാർ തോമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രത്തിൽ മാർ തോമാ ശ്ലീഹായുടെ ഓർമ്മദിനമായ ദുക്റാന തിരുനാൾ ആചരിച്ചു. രാവിലെ വിവിധ സമയ ക്രമങ്ങളിൽ ആഘോഷ പൂർവ്വമായ ദിവ്യബലിയും രാവിലെ 8 മണി മുതൽ ദുക്റാന നേർച്ച ഊട്ടും തുടങ്ങി. 2 മണി വരെ നടന്ന നേർച്ച ഊട്ടിൽ ധാരാളം പേർ പങ്കെടുത്തു.

**3. മഹാജൂബിലി വിശ്വാസ സംഗമം ജൂലായ് 3 ന്**

മാർ തോമാ ശ്ലീഹായുടെ 1950–ാം രക്തസാക്ഷിത്വ ദിനാചരണത്തിന്റെ ഭാഗമായി നടന്ന ദിവ്യബലിയിലും പൊതുസമ്മേളനത്തിലും പങ്കെടുക്കുന്ന വിശിഷ്ടാതിഥികളെ സ്വീകരിക്കുകയും 2.45 ന് അഭിവന്ദ്യ ഇന്ത്യൻ സ്ഥാനപതി അപ്പസ്തോലിക് ന്യുൺഷ്യോ ആർച്ച്ബിഷപ്പ് ലെയോ പോൾദോ ജിറെല്ലി തർപ്പണ തിരുനാൾ കൊടികയറ്റം നടത്തി. തുടർന്ന് നടന്ന സമൂഹ ദിവ്യബലിക്ക് ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ്

താഴത്ത് മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് പൊതുസമ്മേളനവും നടന്നു. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് സ്വാഗതമാശംസിച്ച ചടങ്ങ് മാർപാപ്പയുടെ ഇന്ത്യൻ സ്ഥാനപതി അപ്പസ്തോലിക് ന്യുൺ ഷ്യോ ആർച്ച്ബിഷപ്പ് ലെയോ പോൾദോ ജിറെല്ലി ഉദ്ഘാടനം ചെയ്തു. മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ് കർദ്ദിനാൾ ആലഞ്ചേരി ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മാർ ജെയ്ക്കബ് തൂങ്കുഴി, റൈറ്റ് റവ.ഡോ വർഗീസ് ചക്കാലക്കൽ (കെ.സി.ബി.സി. വൈസ് പ്രസിഡണ്ട്), റൈറ്റ് റവ.ഡോ സെബാസ്റ്റ്യൻ ഫ്രാൻസിസ് മേച്ചേരി (മലേഷ്യയിലെ പെനാൻ രൂപതാ ധ്യക്ഷൻ, President of CBCMSB), മാർ ടോണി നീലങ്കാവിൽ, മാർ പോൾ ആലപ്പാട്ട് (രാമനാഥപുരം രൂപതാധ്യക്ഷൻ), പൗരസ്ത്യ കൽദായ സുറി യാനി മെത്രാപോലീത്ത മാർ അപ്രേം, കേരള റവന്യൂ വകുപ്പുമന്ത്രി ശ്രീ കെ. രാജൻ, വികാരി ജനറാൾമാരായ മോൺ. ജോസ് വല്ലൂരാൻ, മോൺ. ജോസ് കോനിക്കര, മോൺ. ജിജോ ചാലക്കൽ (വികാരി ജനറാൾ, പാലക്കാട് രൂപത), മോൺ. ജോസ് മഞ്ഞളി (വികാരി ജനറാൾ, ഇരിങ്ങാലക്കുട രൂപത), റവ. ഫാ. ഡൊമിനിക് തലക്കോടൻ, റവ. ഫാ. ഡേവിസ് കണ്ണമ്പുഴ, പി. ഐ. ലാസർ മാസ്റ്റർ, സെക്രട്ടറി സി. കെ. ജോസ്, തോമസ് കിടങ്ങൻ, സന്യാസസഭ പ്രൊവിൻഷ്യൽ മാരായ റവ. ഫാ. ഡേവിസ് പനയ്ക്കൽ, റവ. ഫാ. ടൈറ്റസ് കാരിമറ്റത്തിൽ, റവ. സി. ലെത്തീസിയ എന്നിവർ പങ്കെടുത്തു. വത്തിക്കാൻ പ്രതിനിധി അപ്പസ്തോലിക് ന്യുൺഷ്യോ ലെയോ പോൾദോ ജിറെല്ലി തോമാശ്ലീഹായുടെ തിരുശേഷിപ്പു കൊണ്ടുള്ള ആശീർവ്വാദം നൽകി. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന വിശ്വാസ പ്രതിജ്ഞ ചൊല്ലി കൊടുത്തു. 300ഓളം പേരടങ്ങുന്ന ഗായകസംഘം സമൂഹ ദിവ്യബലിക്കു ഗാനങ്ങൾ ആലപിച്ചു. സമ്മേളനാന്തരം സാംസ്കാരിക പരിപാടികൾ അര ങ്ങേറി. മീഡിയ കത്തോലിക്ക, ഷെക്കെയ്ന ചാനലുകൾ പരിപാടികൾ തത്സമയം സംപ്രേഷണം ചെയ്തു.

**4. തർപ്പണ തിരുനാളിൽ പാലയൂർ**

പാലയൂർ തീർത്ഥകേന്ദ്രത്തിലെ പ്രധാന തിരുനാളായ തർപ്പണ തിരുനാൾ മനോഹരമായി ആഘോഷിച്ചു. ദുക്റാന തിരുനാൾ മുതൽ ജൂലായ് 16, 17 തിയ്യതികൾ വരെ വൈകീട്ട് ദിവ്യബലിയും ലദീഞ്ഞ്, നൊവേന, മറ്റു തിരുകർമ്മങ്ങൾ എന്നിവയുണ്ടായിരുന്നു. കുരുത്തോല അരങ്ങും സാംസ്കാരിക പരിപാടികളും വേറിട്ട കാഴ്ചയായിരുന്നു. തിരുനാൾ ദിനത്തിൽ തളിയക്കുളത്തിൽ നടന്ന സമൂഹമാമോദീസായ്ക്ക് സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

**ഫാ. ഡേവിസ് കണ്ണമ്പുഴ**
ആർച്ച് പ്രീസ്റ്റ്

# സാമ്പത്തിക കാര്യാലയം

**1. സ്ഥാപനങ്ങളുടെ തെരട്ട് സമർപ്പിക്കൽ**

സ്ഥാപനങ്ങൾ/സംഘടനകൾ/ പ്രസ്ഥാനങ്ങൾ തെരട്ട് സമർപ്പിക്കൽ ഒക്ടോബർ 17–ാം തിയതി മുതലാണ് തുടങ്ങുന്നത്.

| | | |
|---|---|---|
| 1. ഫാമിലി അപ്പസ്തോലേറ്റ് സെന്റർ | ഒക്ടോബർ 17 | 10.00 am |
| 2. മാതൃവേദി | ഒക്ടോബർ 17 | 10.00 am |
| 3. ജോൺപോൾ പ്രോലൈഫ് | ഒക്ടോബർ 17 | 11.00 am |
| 4. ഫാമിലി അപ്പസ്തോലേറ്റ് ബ്യൂറോ | ഒക്ടോബർ 17 | 11.00 am |
| 5. കുടുംബകൂട്ടായ്മ | ഒക്ടോബർ 17 | 12.00 noon |
| 6. സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റ്, വെസ്റ്റ് ഫോർട്ട് ലിലിയൻ ഫോണ്ടസ് | ഒക്ടോബർ 17 | 12.00 noon |
| 7. സെ.ആൻസ്, വെസ്റ്റ് ഫോർട്ട് | ഒക്ടോബർ 18 | 10.00 am |
| 8. സിസ്റ്റേഴ്സ് ഓഫ് സെ. ജോസഫ് ദി വർക്കർ (എസ്.എസ്.ജെ.ഡബ്ല്യൂ) | ഒക്ടോബർ 18 | 11.00 am |

| | | |
|---|---|---|
| 9. ഹോളി ചൈൽഡ് ഹുഡ് | ഒക്ടോബർ 18 | 11.00 am |
| 10. ഫ്രാൻസിസ്കൻ അസോസിയേഷൻ | ഒക്ടോബർ 18 | 12.00 noon |
| 11. ചൈതന്യ ക്ലീനിക് | ഒക്ടോബർ 19 | 10.00 am |
| 12. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്, മുളയം | ഒക്ടോബർ 19 | 10.00 am |
| 13. ഡാമിയൻ എസ്റ്റേറ്റ് | ഒക്ടോബർ 19 | 11.00 am |
| 14. ഡാമിയൻ ജൂബിലി ശാന്തിഗ്രാം | ഒക്ടോബർ 19 | 11.00 am |
| 15. ജൂബിലി മിഷൻ ഹോസ്പിറ്റൽ | ഒക്ടോബർ 19 | 12.00 noon |
| 16. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് | ഒക്ടോബർ 20 | 10.00 am |
| 17. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ് | ഒക്ടോബർ 20 | 10.00 am |
| 18. ജൂബിലി മിഷൻ കോളേജ് ഓഫ് ബി.എസ്.സി. നേഴ്സിംഗ് | ഒക്ടോബർ 20 | 11.00 am |
| 19. കെ.സി.എസ്.എൽ | ഒക്ടോബർ 20 | 11.00 am |
| 20. ബൈബിൾ അപ്പസ്തോലേറ്റ് | ഒക്ടോബർ 20 | 11.00 am |
| 21. കെ.എൽ.എം, സാക്രിസ്റ്റ്യൻസ് | ഒക്ടോബർ 20 | 12.00 noon |
| 20. തൊഴിൽ അഭ്യസന പീഠം | ഒക്ടോബർ 21 | 10.00 am |
| 22. സെന്റ് മേരീസ് പ്രൈവറ്റ് ഐ.ടി.ഐ | ഒക്ടോബർ 21 | 10.00 am |
| 23. ഐ.ടി.ഐ അളഗപ്പനഗർ | ഒക്ടോബർ 21 | 11.00 am |
| 24. സ്പിരിചൽ ആനിമേഷൻ സെന്റർ | ഒക്ടോബർ 21 | 11.00 am |
| 25. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി | ഒക്ടോബർ 21 | 12.00 noon |
| 26. മേരിമാതാ മേജർ സെമിനാരി, മുളയം & MSAT | ഒക്ടോബർ 21 | 12.00 noon |
| 27. പാറോക്ക് | ഒക്ടോബർ 21 | 12.00 noon |
| 28. ഹോം ഓഫ് ലൗ, മുളയം | ഒക്ടോബർ 24 | 10.00 am |
| 29. മാർ കുണ്ടുകുളം, ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | ഒക്ടോബർ 24 | 10.00 am |
| 30. കരുണ ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | ഒക്ടോബർ 24 | 11.00 am |
| 31. സെന്റ് മേരീസ് മൈനർ സെമിനാരി | ഒക്ടോബർ 24 | 11.00 am |
| 32. കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസി | ഒക്ടോബർ 24 | 12.00 noon |
| 33. കത്തോലിക്ക കോൺഗ്രസ് | ഒക്ടോബർ 24 | 12.00 noon |
| 34. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് | ഒക്ടോബർ 24 | 12.00 noon |

| | | |
|---|---|---|
| 34. കേറ്റിക്കിസം | ഒക്ടോബർ 25 | 10.00 am |
| 35. കേറ്റിക്കിസം – ടെക്സ്റ്റ് ബുക്ക് അക്കൗണ്ട് | ഒക്ടോബർ 25 | 10.00 am |
| 36. കാത്തലിക് ഇൻഫർമേഷൻ സെന്റർ | ഒക്ടോബർ 25 | 11.00 am |
| 37. കേറ്റിക്കിസം ബുക്ക് സ്റ്റാൾ | ഒക്ടോബർ 25 | 11.00 am |
| 38. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി | ഒക്ടോബർ 25 | 11.00 am |
| 39. ഡി.ബി.സി.എൽ.സി. | ഒക്ടോബർ 25 | 12.00 noon |
| 40. ഡി.ബി.സി.എൽ.സി. ലൈബ്രറി അക്കൗണ്ട് | ഒക്ടോബർ 25 | 12.00 noon |
| 41. എക്സൽ അക്കാദമി | ഒക്ടോബർ 25 | 10.00 am |
| 42. സി.എൽ.സി | ഒക്ടോബർ 26 | 10.00 am |
| 43. അൾത്താര സംഘം | ഒക്ടോബർ 26 | 11.00 am |
| 44. ലോഫ് | ഒക്ടോബർ 26 | 11.00 am |
| 45. ചർച്ച് ക്വയർ | ഒക്ടോബർ 26 | 11.00 am |
| 46. കെ.സി.വൈ.എം | ഒക്ടോബർ 26 | 12.00 noon |
| 47. ലേ ലീഡർഷിപ്പ് | ഒക്ടോബർ 26 | 12.00 noon |
| 48. ലിജീയൻ ഓഫ് മേരി | ഒക്ടോബർ 26 | 12.00 noon |
| 49. സോഷ്യൽ ആക്ഷൻ | ഒക്ടോബർ 27 | 10.00 am |
| 50. സോഷ്യൽ വെൽഫെയർ സെന്റർ | ഒക്ടോബർ 27 | 10.00 am |
| 51. സോഷ്യൽ ഹൗസിംഗ് സെന്റർ | ഒക്ടോബർ 27 | 11.00 am |
| 52. സേവ് എ ഫാമിലി പ്ലാൻ | ഒക്ടോബർ 27 | 11.00 am |
| 53. SWIFT | ഒക്ടോബർ 27 | 111.00 am |
| 54. സ്ലം സർവീസ് | ഒക്ടോബർ 27 | 12.00 noon |
| 55. മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര | ഒക്ടോബർ 27 | 12.00 noon |
| 56. റീജിണൽ പാസ്റ്ററൽ സെന്റർ, ചേലക്കര | ഒക്ടോബർ 28 | 10.00 am |
| 57. ഫാ. തച്ചുപറമ്പിൽ ട്രസ്റ്റ്, ചേലക്കര | ഒക്ടോബർ 28 | 10.00 am |
| 58. സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി | ഒക്ടോബർ 28 | 11.00 am |
| 59. സെന്റ് ജോസഫ്സ് ഹോം, പുല്ലഴി | ഒക്ടോബർ 28 | 11.00 am |
| 60. സെന്റ് ജോസഫ് ഭവൻ, പുല്ലഴി | ഒക്ടോബർ 28 | 11.00 am |
| 61. ക്രൈസ്റ്റ് വില്ല പുവർ ഹോം, രാമവർമ്മപുരം | ഒക്ടോബർ 28 | 12.00 noon |
| 62. ആബാ റിന്യൂവൽ സെന്റർ, രാമവർമ്മപുരം | ഒക്ടോബർ 28 | 12.00 noon |

| | | |
|---|---|---|
| 63. നെസ്റ്റ്, രാമവർമ്മപുരം | നവംബർ 1 | 12.00 noon |
| 64. സെന്റ് പോൾ ഗുരുകുലം, തിരുവില്വാമല | നവംബർ 1 | 10.00 am |
| 65. പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ | നവംബർ 1 | 10.00 am |
| 66. മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് & റിഹാബിലിറ്റേഷൻ സെന്റർ | നവംബർ 1 | 11.00 am |
| 67. പോപ്പ് ജോൺ പോൾ പീസ് ഹോം, പെരിങ്ങണ്ടിയൂർ | നവംബർ 1 | 11.00 am |
| 68. ടിംഹാൻസ്, പെരിങ്ങണ്ടൂർ | നവംബർ 1 | 12.00 noon |
| 69. കലാസദൻ | നവംബർ 2 | 12.00 noon |
| 70. കാത്തലിക് നേഴ്സസ് ഗിൽഡ് | നവംബർ 2 | 10.00 am |
| 71. കാത്തലിക് സെന്റർ/പാസ്റ്ററൽ സെന്റർ | നവംബർ 2 | 10.00 am |
| 72. സാവിയോ ഹോം, മനക്കൊടി | നവംബർ 2 | 11.00 am |
| 73. പബ്ലിക് റിലേഷൻസ്& ഡയോമീഡിയ | നവംബർ 2 | 11.00 am |
| 74. എം.ഐ. ഹോസ്പിറ്റൽ, ഏങ്ങണ്ടിയൂർ | നവംബർ 2 | 12.00 noon |
| 75. എം.ഐ. ഹോസ്പിറ്റൽ നേഴ്സിംഗ് സ്കൂൾ, ഏങ്ങണ്ടിയൂർ | നവംബർ 2 | 12.00 noon |
| 76. സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുരിയച്ചിറ | നവംബർ 3 | 10.00 am |
| 77 ടി.ടി.ഐ., കുരിയച്ചിറ | നവംബർ 3 | 10.00 am |
| 78. ഐ.സി.എസ്.ഇ.സ്കൂൾ, കുരിയച്ചിറ | നവംബർ 3 | 11.00 am |
| 79. മദ്യവിരുദ്ധ സമിതി (ടെമ്പറൻസ് മൂവ്മെന്റ്) | നവംബർ 3 | 11.00 am |
| 80. കരിസ്മാറ്റിക് മൂവ്മെന്റ് | നവംബർ 3 | 11.00 am |
| 81. എവുപ്രാസ്യ ഷൈൻ | നവംബർ 3 | 11.00 am |
| 82. ഹോളി ക്രോസ് സ.ബി.എസ്.ഇ. സ്കൂൾ ആർത്താറ്റ് | നവംബർ 4 | 11.00 am |
| 83. പഴുവിൽ ധ്യാനകേന്ദ്രം | നവംബർ 4 | 12.00 noon |
| 84. ജോതി എഞ്ചിനിയറിംഗ് കോളേജ് | നവംബർ 4 | 10.00 am |
| 85. സെന്റ് ജോർജ്ജ് ഹോസ്റ്റൽ | നവംബർ 4 | 10.00 am |

| | | |
|---|---|---|
| 86. സെന്റ് തോമാസ് ഹോസ്റ്റൽ | നവംബർ 4 | 10.00 am |
| 87. സെന്റ് തോമാസ് കോളേജ് | നവംബർ 4 | 10.00 am |
| 88. സെന്റ് തോമാസ്എജുക്കേഷൻ സെന്റർ | നവംബർ 4 | 10.00 am |
| 89. പ്രീസ്റ്റ് വെൽഫയർ ഫണ്ട് | നവംബർ 4 | 10.00 am |

**Pancard 12AB Registration**

എല്ലാ ഇടവകകളുടേയും സ്ഥാപനങ്ങളുടേയും Pan card ന്റെയും 12AB Registration ന്റെയും കോപ്പികൾ അതിരൂപത സാമ്പത്തിക കാര്യ ലയത്തിൽ സൂക്ഷിക്കുവാൻ ഉദ്ദേശിക്കുന്നു. അതുകൊണ്ട് ദയവായി എല്ലാ ഇടവകകളും സ്ഥാപനങ്ങളും അവരവരുടെ Pan card ന്റെയും12AB Registration ന്റെയും കോപ്പികൾ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ ഏൽപ്പിക്കാൻ/അയച്ചുതരുവാൻ താല്പര്യപ്പെടുന്നു. അയക്കുവാൻ ഉള്ള മെയിൽ ഐഡി, ഫോൺ നമ്പർ താഴെ കൊടുക്കുന്നു.

**procuratortcr@gmail.com**
**Phone.no- 8289898168**

**ഫാ. ലിൻസൺ തട്ടിൽ**
അസി. ഫിനാൻസ് ഓഫീസർ

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ സ്നേഹമുള്ള കൂട്ടുകാരെ,

നിങ്ങൾക്ക് എല്ലാവർക്കും സുഖം തന്നെയല്ലേ? ആഗസ്റ്റ് മാസം വന്നെത്തി. ഭാരതത്തിനും ക്രൈസ്തവ സഭയ്ക്കും ഒരുപോലെ അഭിമാനിക്കാവുന്ന മാസമാണിത്. ബ്രിട്ടീഷുകാരിൽ നിന്നും ഭാരതം സ്വാതന്ത്ര്യം നേടിയത് നാം അനുസ്മരിക്കുന്ന ആഗസ്റ്റ് മാസം പതിനഞ്ചാം തീയതിതന്നെ കത്തോലിക്കാ സഭ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാൾ ആഘോഷിക്കുന്നു. ഓരോ ഭാരത ക്രൈസ്തവനും സന്തോഷത്തിന്റെ, അഭിമാനത്തിന്റെ, പ്രതീക്ഷയുടെ സമയമാണ് കടന്നുവരുന്ന ഈ മാസം. നിങ്ങൾക്കേവർക്കും നേരത്തെതന്നെ പരി. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യ ദിനത്തിന്റെയും മംഗളങ്ങൾ ഏറെ സ്നേഹത്തോടെ നേരുന്നു.

ആഗസ്റ്റ് മാസത്തിൽ കത്തോലിക്കാ സഭ അനുസ്മരിക്കുന്ന നിരവധി വിശുദ്ധരുണ്ട്. വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനി, വി. ഡോമിനിക്, രക്തസാക്ഷിയായ വി. മാക്സ് മില്യൻ കോൾബെ, ലിമായിലെ വി. റോസ്, വി. മോനിക്ക, വി. അഗസ്റ്റിൻ തുടങ്ങി വിശുദ്ധരുടെ ഒരു നീണ്ട നിരതന്നെയുണ്ട്. ഈ വിശുദ്ധരുടെ ജീവിതം കൂടുതൽ അടുത്തറിയാനും, ജീവചരിത്രം വായിക്കാനും, അതിലെ നല്ല വശങ്ങൾ സ്വന്തമാക്കാനും, ഈ വിശുദ്ധരുടെ മാധ്യസ്ഥം തേടാനും നിങ്ങൾ പരിശ്രമിക്കണം. അങ്ങനെ നിങ്ങളുടെ ചിന്തകളും പ്രവർത്തികളും വിശുദ്ധി നിറഞ്ഞതാകട്ടെ.

ആഗസ്റ്റ് 21–ാം തീയതി തിരുനാൾ ആഘോഷിക്കുന്ന ഒരു വിശുദ്ധനെ നിങ്ങൾക്ക് പ്രത്യേകം പരിചയപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. "പരിശുദ്ധ കുർബാനയുടെ പാപ്പ" എന്നറിയപ്പെടുന്ന വിശുദ്ധ പത്താം പീയൂസ് മാർപാപ്പയാണ് അത്. ദിവ്യകാരുണ്യത്തോടുള്ള അദ്ദേഹത്തിന്റെ ഭക്തി നാം മാതൃകയാക്കേണ്ടതാണ്. കുട്ടികളായ നിങ്ങളെ സംബന്ധിച്ചും ഈ മാർപാപ്പ പ്രധാനപ്പെട്ടതാണ്. ആദ്യകാലങ്ങളിൽ കുട്ടികൾക്ക് വി. കുർബാന സ്വീകരിക്കാൻ അനുവാദം ഉണ്ടായിരുന്നില്ല,

മറിച്ച് പ്രായപൂർത്തിയായവർക്ക് മാത്രമേ വി. കുർബാനയിലൂടെ ഈശോയെ സ്വീകരിക്കാൻ സാധിച്ചിരുന്നുള്ളൂ. വി. പത്താം പീയൂസ് പാപ്പ അത് മാറ്റി, തിരിച്ചറിവ് വന്ന പ്രായം മുതൽ വി. കുർബാന സ്വീകരിക്കാൻ അനുവാദം നൽകി. അതുപോലെ അടുത്തടുത്തുള്ള ദിവ്യകാരുണ്യ സ്വീകരണം വിശുദ്ധിയിൽ വളരാൻ അത്യാവശ്യമാണെന്ന് കണ്ട് അതിനെ പ്രോത്സാഹിപ്പിച്ചതും വി. പത്താം പീയൂസ് പാപ്പയാണ്.

സ്നേഹമുള്ള കൂട്ടുകാരെ, നമ്മുടെ ആത്മവിശുദ്ധി വളരെ പ്രധാനപ്പെട്ടതാണ്. യോഗ്യതയോടെ വി. കുർബാന സ്വീകരിക്കുമ്പോൾ ഈശോ നമ്മുടെ ഉള്ളിൽ വരികയും വിശുദ്ധിയിൽ നമ്മെ വളർത്തുകയും ചെയ്യുന്നു. ഇതു മനസ്സിലാക്കിയാണ് വി. പത്താം പീയൂസ് പാപ്പാ കുട്ടികൾക്കും വിശുദ്ധ കുർബാന സ്വീകരിക്കാൻ അനുവാദം തന്നതും അടുത്തടുത്ത് ദിവ്യകാരുണ്യം സ്വീകരിക്കണമെന്ന് നമ്മെ ഉപദേശിക്കുന്നതും. അതിനാൽ കുമ്പസാരിച്ചൊരുങ്ങി, സാധിക്കുന്ന ദിവസങ്ങളിൽ എല്ലാം നിങ്ങൾ വി. കുർബാനയിൽ സജീവമായി പങ്കെടുക്കുകയും യോഗ്യതയോടുകൂടെ വി. കുർബാന സ്വീകരിക്കുകയും വേണം. ദിവ്യകാരുണ്യത്തിലെ ഈശോയെ ആരാധിക്കാനും വ്യക്തിപരമായി പ്രാർത്ഥിക്കാനും നിങ്ങൾ സമയം കണ്ടെത്തണം.

പരിശുദ്ധ അമ്മയെ പ്രത്യേകമായി ഓർക്കുന്ന ഈ മാസത്തിൽ നിങ്ങൾ എല്ലാവരും വീടുകളിൽ പരി. കന്യകയുടെ ഒരു ചിത്രം അലങ്കരിച്ചുവെച്ച് ഈ മാസം മുഴുവൻ പ്രത്യേകമായി പ്രാർത്ഥിക്കണം. പരി. അമ്മയോടുള്ള ഭക്തിയിൽ വളരാൻ ഇത് നിങ്ങളെ സഹായിക്കും. അതുപോലെ സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് രാഷ്ട്ര സ്നേഹം വളർത്തുന്ന പദ്ധതികൾ നിങ്ങൾ ആവിഷ്കരിക്കണം. ഇന്ത്യക്കാരനാണ് എന്നതിൽ നമുക്കുള്ള അഭിമാനവും സന്തോഷവും പരസ്യമായി പ്രഖ്യാപിക്കുന്നതാകട്ടെ നമ്മുടെ ഈ പ്രവർത്തനങ്ങൾ. ഇതോടൊപ്പം നമ്മുടെ ഇടവകകളിൽ കുട്ടികൾക്കായി ഒരുക്കുന്ന വിവിധ പ്രവർത്തനങ്ങളിൽ നിങ്ങൾ ഓരോരുത്തരും സജീവമായി പങ്കെടുക്കണമെന്ന് ഞാൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഈശോയ്ക്ക് ഇഷ്ടമുള്ള നല്ല മക്കളായി മാറാൻ ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies (Three Years)**
(affiliated to Katholicke Universiteit, Leuven, Belgium):

- ആദ്യസെമസ്റ്ററിലെ Introduction to Canon Law (Rev. Dr. Francis Aloor), Ecumenism (Rev. Dr. Lawrence Thaikkattil), Research Methodology (Rev. Dr. Lijo Chalissery), Mathew (Rev. Dr. Johnson Achandy), Indian Church History (Rev. Dr. Demin Tharayil) എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)**
(affiliated to Chair for Christian Studies and Research, Calicut University)

- ജൂലായ് 10, ജൂലായ് 24 തിയ്യതികളിൽ 2022–2023 ബാച്ചുക്കാരുടെ ക്രിസ്തുവിജ്ഞാനീയം, (Rev. Dr. Sinto Porathur) യുഗാന്ത്യദൈവ ശാസ്ത്രം (Rev. Dr. Sebastian Chalakkal) എന്ന വിഷയത്തിന്റെ ക്ലാസ്സുകൾ നടന്നു.

**3. Course on Theology of Family (One and Half Years)**

- Sexuality: Communion of Love and Life (Rev. Dr. Abraham Jacob) എന്ന വിഷയത്തിന്റെ ക്ലാസ്സ് ജൂലായ് 24 ന് നടന്നു.

**4. Advanced Certificate Course in Theology (Six Months)**
(affiliated to Chair for Christian Studies and Research, Calicut University):

- സന്യാസിനിമാർക്കുള്ള ഈ വർഷത്തെ Advanced Certificate Course മേരിമാതാ മേജർ സെമിനാരിയിൽ നടന്ന് കൊണ്ടിരിക്കുന്നു.

**5. Online Certificate Course in Theology (Two Years)**
(affiliated to Chair for Christian Studies and Research, Calicut University)

- ദൈവവചനം വചനവ്യാഖ്യാനം (Rev. Dr. Freejo Parakkal) എന്ന വിഷയത്തിന്റെ ക്ലാസ്സ് ജൂലായ് 24 ന് നടന്നു.

**ഫാ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# മേരിമാത
# മേജർ സെമിനാരി

**എക്സ്റ്റൻഷൻ ലക്ചർ**

2022 – 2023 അധ്യയന വർഷത്തെ ആദ്യത്തെ എക്സ്റ്റൻഷൻ ലക്ചർ ജൂൺ 21 –ാം തിയ്യതി നടന്നു. റവ. ഡോ. പോൾ പൂവ്വത്തിങ്കൽ സി. എം. ഐ. Vocology യുടെ ശാസ്ത്രീയ–പ്രായോഗിക മാനങ്ങളെ അധികരിച്ചാണ് പ്രഭാഷണം നടത്തിയത്.

**ദിവ്യകാരുണ്യസന്നിധിയിൽ ഒരു ദിവസം**

ഈശോയുടെ തിരുഹൃദയ തിരുന്നാളായ ജൂൺ 24 –ാം തിയ്യതി പതിവുപോലെ സെമിനാരികുടുംബം ദിവ്യകാരുണ്യ ആരാധന ദിനമായി ആചരിച്ചു. അന്നേദിവസം സെമിനാരികുടുംബത്തെ ഈശോയുടെ തിരുഹൃദയത്തിന് പ്രത്യേകം പ്രതിഷ്ഠിച്ച് പ്രാർത്ഥിച്ചു.

**മാതാപിതാക്കളുടെ സംഗമം**

മേരിമാതാ മേജർ സെമിനാരിയിൽ പരിശീലനത്തിലായിരിക്കുന്ന തത്വശാസ്ത്ര വിദ്യാർത്ഥികളുടെ പ്രിയപ്പെട്ട മാതാപിതാക്കളുടെ സംഗമം ജൂൺ 25–ാം തിയ്യതി സംഘടിപ്പിച്ചു. അന്നത്തെ ദിവ്യബലിക്ക് ബഹു. സൈജോ തൈക്കാട്ടിലച്ചൻ മുഖ്യകാർമ്മികത്വം വഹിക്കുകയും ബഹു. ഫ്രീജോ പാറയ്ക്കലച്ചൻ വചനസന്ദേശം നൽകുകയും ചെയ്തു. ഓഡിറ്റോറിയത്തിൽവച്ച് നടന്ന യോഗത്തിൽ സെമിനാരിയിലെ വൈദികർക്കും വൈദികവിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും പരസ്പരം പരിചയപ്പെടാനും ആശയവിനിമയം നടത്താനും അവസരം ലഭിച്ചു.

**സർഗജ്യോതി ഉദ്ഘാടനം**

മേരിമാതയിലെ കലാ–സാഹിത്യ സംരംഭമായ സർഗജ്യോതിയുടെ ഈ അധ്യയന വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ജൂലൈ 2–ാം തിയ്യതി പ്രശസ്ത ഗായകൻ ലിബിൻ സ്കറിയ നിർവ്വഹിച്ചു. ഉദ്ഘാടന യോഗത്തിനിടെ ബ്രദർ പോൾജോ കളപ്പുരയിൽ മാർ തോമാ ശ്ളീഹായുടെ ദുക്റാന തിരുന്നാളിനെ ആസ്പദമാക്കി പ്രസംഗിച്ചു. 2021–2022 ലെ സെമിനാരി ആനുവൽ *മരിയ ജ്യോതി*യുടെ പ്രകാശനവും തദവസരത്തിൽ നടത്തുകയുണ്ടായി.

**അപ്പസ്റ്റോലിക് നുൺഷ്യോയുടെ സന്ദർശനം**

തൃശൂരിലെത്തിയ ഇന്ത്യയിലെ അപ്പസ്റ്റോലിക് നുൺഷ്യോ ആർച്ചുബിഷപ്പ് ലെയോപോൾദോ ജിറെല്ലി ജൂലൈ 2–ാം തിയ്യതി

വൈകീട്ട് സെമിനാരി സന്ദർശിക്കുകയും സെമിനാരികുടുംബത്തോടൊപ്പം വിശുദ്ധ കുർബാനയർപ്പിക്കുകയും ചെയ്തു. വിശുദ്ധ കുർബാനക്കുശേഷം നുൺഷ്യോ വൈദികവിദ്യാർത്ഥികളോട് സംവദിക്കുകയും അവരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും മാർ ടോണി നീലങ്കാവിൽ പിതാവും നുൺഷ്യോയോടൊപ്പം സന്നിഹിതരായിരുന്നു.

**ദുക്റാന തിരുന്നാൾ**

മാർ തോമാ ശ്ളീഹായുടെ ദുക്റാന തിരുന്നാൾ ഭാരതസഭയ്ക്കും ഭാരതത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചുകൊണ്ട് ആചരിച്ചു. തിരുന്നാളിനോടനുബന്ധിച്ച് സാന്തോം സദനിൽ (Residence of Theology Students) ജൂലൈ 1–ാം തിയ്യതി ദൈവശാസ്ത്രവിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പ്രത്യേക പ്രാർത്ഥനാശുശ്രൂഷ നടത്തി. റവ. ഫാ. സാജൻ പിണ്ടിയാൻ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിക്കുകയും ബ്രദർ നെൽസൺ കളപ്പുരയ്ക്കൽ സന്ദേശം നൽകുകയും ചെയ്തു. ജൂലൈ 3–ാം തിയ്യതി പാലയൂരിൽ വച്ചു നടന്ന ആഘോഷങ്ങളിൽ എല്ലാവരും സംബന്ധിച്ചു.

**അഭിനന്ദനങ്ങൾ**

2002 മുതൽ മേരിമാതയിൽ റസിഡന്റ് സ്റ്റാഫായി സ്തുത്യർഹമായ സേവനം ചെയ്യുന്ന തലശ്ശേരി അതിരൂപതാംഗമായ ബഹു. മൈക്കിൾ കാരിമറ്റമച്ചനെ സീറോ മലബാർ സിനഡ് മല്പാൻ പദവി നൽകി ആദരിച്ചു. സഭാദിനത്തോടനുബന്ധിച്ച് ജൂലൈ 3–ാം തിയ്യതി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് ഔദ്യോഗിക പത്രിക നൽകി ബഹു. മൈക്കിളച്ചനെ സഭയുടെ മല്പാനായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ സെമിനാരി സ്റ്റാഫംഗങ്ങളും പങ്കെടുത്തു. ബഹു. മൈക്കിളച്ചന് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

**മാസധ്യാനം**

ജൂലൈ 8, 9 തിയ്യതികളിൽ നടന്ന മാസധ്യാനം റവ. ഫാ. ജെയ്സൺ വടക്കൻ Ofm. Cap. നയിച്ചു. ക്രിസ്തുവിലായിരിക്കാനും അവിടുത്തെ മനോഭാവങ്ങൾ സ്വന്തമാക്കാനും തദാനുസാരം ജീവിക്കാനും സഹായിക്കുന്ന വിധത്തിലുള്ള വ്യക്തിപരമായ ആദ്ധ്യാത്മികത വളർത്തിയെടുക്കാൻ ഓരോരുത്തരും ശ്രദ്ധിക്കണമെന്ന് ധ്യാനഗുരു ഊന്നിപ്പറഞ്ഞു.

**ബേഴ്സ് സ്ഥാപിച്ചവർ**

Patron Membership

1. ശ്രീ. ടോമിയച്ചൻ വർഗീസ്, എടയാടിൽ ഹൗസ്, നെടുങ്കുന്നം,

കോട്ടയം,

Benefactor Membership

1. ശ്രീമതി ത്രേസ്യ ജേക്കബ്, ചെറുവത്തൂർ ഹൗസ്, നവിമുംബൈ.
2. ശ്രീ. എം. ഐ. ജോസ്, മണ്ടുംപാല ഹൗസ്, കോട്ടപ്പടി, തൃശ്ശൂർ.
3. ശ്രീമതി എയ്ഡ ഇഗ്നേഷ്യസ്, കൊള്ളന്നൂർ ഹൗസ്, അരനാട്ടുകര, തൃശ്ശൂർ.
4. ശ്രീ. എ. ഒ. ഔസേപ്പ് & ശ്രീമതി സി. എഫ്. ആലീസ്, ആലപ്പാട്ട് ഹൗസ്, കിഴക്കുംപാട്ടുകര, തൃശ്ശൂർ.

ഉത്തമനായ മനുഷ്യന് കർത്താവിന്റെ അനുഗ്രഹം ലഭിക്കുന്നു. (സുഭാ. 12:2) ദൈവം നിങ്ങളെല്ലാവരെയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാ ഉപകാരികൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**ദുക്റാന തിരുനാൾ**

മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം മഹാ ജൂബിലി വർഷത്തിലെ ദുക്റാന തിരുനാൾ ജൂലൈ 3, 4 തിയ്യതികളിൽ ആഘോഷിച്ചു. ജൂലൈ 3–ാം തിയ്യതി 'റാസ' കുർബ്ബാനക്ക് ബഹുമാനപ്പെട്ട ജിമ്മി എടക്കളത്തൂരച്ചൻ മുഖ്യകാർമികത്വം വഹിച്ചു. അന്നേ ദിവസം ഉച്ചകഴിഞ്ഞ് മുന്നുമണിക്ക് പാലയൂരിൽ സംഘടിപ്പിച്ച മഹാ വിശ്വാസ സംഗമത്തിൽ സെമിനാരിക്കാരെല്ലാവരും പങ്കെടുത്തു. ജൂലൈ നാലാം തിയ്യതി തൃശൂർ എക്യുമെനിക്കൽ കൂട്ടായ്മയുടെയും മൈനർ സെമിനാരിയുടെയും സംയുക്ത 'സെന്റ് തോമസ് ഡേ' ആഘോഷം നടത്തി. പൊതുയോഗം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനംചെയ്തു. പൗരസ്ത്യ കൽദായ സഭയുടെ അഭിവന്ദ്യ മാർ അപ്രേം പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. മൈനർ സെമിനാരി വിദ്യാർത്ഥികൾ അവതരിപ്പിച്ച കലാപരിപാടികളും 'ദിദിമോസ്' എന്ന നാടകവും ദുക്റാന തിരുനാളിന് മോടികൂട്ടി.

**മാസ ധ്യാനം**

ജൂലൈ 15, 16 തിയ്യതികളിൽ നടത്തിയ മാസ ധ്യാനത്തിന് ബഹുമാനപ്പെട്ട ഫ്രാൻസിസ് തലക്കോട്ടൂരച്ചൻ നേതൃത്വം നൽകി.

**ബിരുദ വിദ്യാർത്ഥികൾ**

ഒന്നാം വർഷ ബിരുദ സെമിനാരി വിദ്യാർത്ഥികൾക്ക് ജൂലൈ 15 മുതൽ 10 ദിവസങ്ങളിലായി ധ്യാനവും ഡിഗ്രി ഓറിയന്റേഷൻ പ്രോഗ്രാമും സംഘടിപ്പിച്ചു. 24–ാം തിയ്യതി വൈദിക വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ സംഗമവും നടന്നു. പരിപാടികൾക്ക് ഡിഗ്രി സെമിനാരിക്കാരുടെ ആനിമേറ്റർ ബഹുമാനപ്പെട്ട ഡെന്നി ചിറയത്തച്ചൻ നേതൃത്വം നൽകി.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീമതി കൊച്ചുത്രേസ്യ ജോസ് & ശ്രീ എ.ഡി. ജോസ്, അറക്കൽ ഹൗസ്, പൂത്തോൾ
2. ബഹു. ആന്റണി തോട്ടാനച്ചന്റെ അനുസ്മരണാർത്ഥം കുടുംബത്തിനുവേണ്ടി ശ്രീ ജോഷി തോട്ടാൻ, തൃശൂർ
3. സിസ്റ്റർ ലേഖ പുത്തൂർ സി.എം.സി. യുടെ സന്യാസ സമർപ്പണത്തിന്റെ ഗോൾഡൻ ജൂബിലി സ്മാരകമായി സഹോദരൻ ശ്രീ. പി. ആർ. ജോൺസൻ, പുത്തൂർ ഹൗസ്, പറപ്പൂർ
4. ശ്രീ അഭയ് ബെൻസൻ, കണ്ണനായ്ക്കൽ ഹൗസ്, പേരാമംഗലം
5. ബഹു. ഫാ. വർഗ്ഗീസ് കൂത്തൂർ, ആർച്ച് ബിഷപ്പ്സ് ഹൗസ്, തൃശൂർ
6. ശ്രീ. സണ്ണി കെ. എഫ്., കുറ്റിക്കാട്ട് ഹൗസ്, തലക്കോട്ടുകര
7. ശ്രീ സെബാസ്റ്റ്യൻ പി. പി., പൊറത്തൂർ പള്ളിക്കുന്നത്ത് ഹൗസ്, കാഞ്ഞാണി
8. ശ്രീമതി സിസിലി പോൾ & ശ്രീ. ടി. ഒ. പോൾ, തെക്കൂടൻ ഹൗസ്, മരത്താക്കര
9. ബ്രദർ റിയോ ഒലക്കേങ്കിലിന്റെ അനുസ്മരണാർത്ഥം അദ്ദേഹത്തിന്റെ പിതാവ് ശ്രീ. ഒ.സി. നിക്കോളാസ്, ഒലക്കേങ്കിൽ ഹൗസ്, പാവറട്ടി
10. ശ്രീമതി റോസി സി. ഐ., ചാലക്കൽ ഹൗസ്, പുറനാട്ടുകര

വൈദിക വിദ്യാർത്ഥികളെ സ്വന്തമെന്ന് കരുതി പ്രാർത്ഥന കൊണ്ടും സാമ്പത്തികമായും സഹായിക്കാൻ മുന്നോട്ടുവന്ന എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി (Jr.)**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**പെലിക്കാനസ് 2022 സമാപിച്ചു**

ജൂബിലി മിഷൻ ആശുപത്രിയുടെ സ്ഥാപക ഡയറക്ടറായ മോൺ. മാത്യു മുരിങ്ങാത്തേരിയുടെ ബഹുമാനാർത്ഥം ഏർപ്പെടുത്തിയ 'മോൺ. മാത്യു മുരിങ്ങാത്തേരി മെമ്മോറിയൽ നാഷണൽ ലെവൽ ഹെൽത്ത് കെയർ മിഷനറി അവാർഡ്' ആർച്ച്ബിഷപ്പ് എമിരറ്റസ് മാർ ജേക്കബ്ബ് തൂങ്കുഴി ഡോ. ഏഡൻവാലക്ക് മരണാനന്തര ബഹുമതിയായി നൽകി. ഡോക്ടർ ഏഡൻവാലയുടെ ഭാര്യ ഗുൽനാർ ഏഡൻവാല അവാർഡ് ഏറ്റുവാങ്ങി. ഡോ. ഏഡൻവാല മെമ്മോറിയൽ ഒറേഷൻ എന്ന പ്രഭാഷണ പരമ്പരയിൽ ആദ്യത്തെ പ്രഭാഷണം ഡോ. ഏഡൻവാലയുടെ മകൻ ഡോ. ഫിർദോസ് ഏഡൻവാല നിർവ്വഹിച്ചു. ഡോ. ഏഡൻവാല മെമ്മോറിയൽ പീഡിയാട്രിക്ക് ചാരിറ്റി ഫണ്ടിന്റെ പ്രഖ്യാപനം മുൻ ഡിജിപി ഋഷിരാജ്സിംഗ് നിർവ്വഹിച്ചു. സ്മൈൽ ട്രെയിൻ സംഘടനയുടെ ഏഷ്യൻ റീജിനൽ ഡയറക്ടർ മംമ്ത കരോൾ ക്ലഫ്റ്റ് ലിപ് ആന്റ് പാലറ്റിൽ ഫെല്ലോഷിപ്പ് നടത്തുന്നതിന്റെ പ്രഖ്യാപനം നിർവ്വഹിച്ചു. 'ഡോ. എച്ച്. എസ്. ഏഡൻവാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലഫ്റ്റ് ലിപ് ആന്റ് പാലറ്റി'ന്റെ പ്രഖ്യാപനം ഡോ. ഏഡൻവാലയുടെ ഭാര്യ ഗുൽനാർ ഏഡൻവാല നിർവ്വഹിച്ചു. മോൺ. മാത്യു മുരിങ്ങാത്തേരി ബിൽഡിങ്ങിന്റെ പ്രഖ്യാപനം മുൻ ആർച്ച്ബിഷപ്പ് മാർ ജേക്കബ്ബ് തൂങ്കുഴിയും, ഡോ. ഏഡൻവാല മെമ്മോറിയൽ ബിൽഡിങ്ങിന്റെ പ്രഖ്യാപനം സ്മൈൽ ട്രെയിനിന്റെ പ്രസിഡന്റും, സി.ഇ.ഒ.യുമായ സൂസ ഷഫറും നിർവ്വഹിച്ചു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, അസി. ഡയറക്ടർ ഫാ. ഡെമിൻ തറയിൽ, പ്രിൻസിപ്പാൾ ഡോ. പ്രവീൺലാൽ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

**മുറിച്ചുണ്ട് ശസ്ത്രക്രിയക്ക് വിധേയരായവരുടെ സംഗമം**

സപ്തതി ആഘോഷങ്ങളുടെ ഭാഗമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൗജന്യ മുറിചുണ്ട് മുറിയണ്ണാക്ക് ശസ്ത്രക്രിയക്ക് വിധേയരായ കുട്ടികളുടെ സംഗമം നടന്നു. കുട്ടികളും മാതാപിതാക്കളുമായി ഏകദേശം ആയിരത്തോളം പേർ സംഗമത്തിൽ

പങ്കെടുത്തു. സംഘടനയുടെ സഹായത്തോടെയാണ് ജൂബിലിയിൽ സൗജന്യ മുറിചുണ്ട് മുറിയണ്ണാക്ക് ശസ്ത്രക്രിയകൾ നടന്നുവരുന്നത്. സ്മൈൽ ട്രെയിൻ സംഘടനയുടെ പ്രസിഡണ്ടും, സി..ഇ.ഒ.യുമായ സൂസ ഷഫർ, ഏഷ്യൻ പ്രതിനിധിയായ മംമ്ത കരോൾ, മുൻ ഡി.ജി. പി. ഋഷിരാജ്സിംഗ് എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. സി.ഇ. ഒ. ഡോ. ബെന്നി ജോസഫ് സ്വാഗതം പറഞ്ഞ ചടങ്ങിൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അദ്ധ്യക്ഷത വഹിച്ചു. ജൂബിലിയുടെ ചാൾസ് പിന്റോ ക്ലഫ്റ്റ് ലിപ് ആന്റ് ക്ലഫ്റ്റ് പാലറ്റ് സെന്റർ മേധാവി ഡോ. പി. വി. നാരായണൻ സ്മൈൽ ട്രെയിൻ സംഘടനയെ നന്ദി അറിയിച്ചു. ഡോ. ഏഡൻവാലയുടെ ഭാര്യ ഗുൽനാർ ഏഡൻവാല, മക്കളായ മെഹർ വർഗ്ഗീസ്, ഫിർദോസ് ഏഡൻവാല എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. തുടർന്ന് കുട്ടികളുടെ കലാപരിപാടികൾ നടന്നു.

**ലോകരക്തദാനദിനാചരണം**

ഈ ദിനാചരണത്തിന്റെ ഭാഗമായി Department of Transfusion Medicine, എം.ബി.ബി.എസ് വിദ്യാർത്ഥികൾക്കായ് ഇന്റർബാച്ച് ക്വിസ് മത്സരം സംഘടിപ്പിച്ചു. ഫൈനൽ റൗണ്ട് മത്സരത്തിൽ റിയ തെരേസ് ജോജോ & സ്നേഹ സുരേഷ് (16th Batch) ഒന്നാം സ്ഥാനവും, ഗോവിന്ദ് കൃഷ്ണ പി. & എഡ്വിൻ ടോമി (17th Batch) രണ്ടാം സ്ഥാനവും, നിരഞ്ജന ഡേവിസ് & ഷംസാന (15th Batch), ആഗ്ന സോണി & നവ്യ പി. (18th Batch) മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ലോക രക്തദാനദിനത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ രക്തബാങ്കിൽ ഏറ്റവുമധികം രക്തം ദാനം ചെയ്തിട്ടുള്ള ഡോ. ഫിജു ചാക്കോ (പ്രൊഫസർ, ന്യൂറോളജി വിഭാഗം), ശ്രീ. സിബിൻ സെബാസ്റ്റ്യൻ (എം. ആർ. ഐ. സ്കാൻ ടെക്നോളജിസ്റ്റ്), സന്നദ്ധരക്തദാനസംഘടനയായ ബ്ലഡ് ഡോണർ കേരള, തൃശൂർ എന്നിവർക്ക് ബ്ലഡ് ഹീറോസായ് ജീവധാര – 2022 പരിപാടിയിൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ മെമന്റോ നൽകി ആദരിച്ചു. അതേദിനത്തിൽ എൻ. സി. സി. തൃശൂർ വിങ്ങിൽ നിന്നും 50 പേർ രക്തദാനം ചെയ്ത് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

**അന്താരാഷ്ട്ര യോഗാദിനം**

അന്താരാഷ്ട്ര യോഗാദിനാചരണത്തിന്റെ ഭാഗമായി ESIC (Employees' State Insurance Corporation) യും നാഷണൽ ആയുഷ് മിഷനും സംയുക്തമായി യോഗ അവബോധന ക്യാമ്പ് ജൂബിലി മിഷൻനിൽ നടന്നു. നാഷണൽ ആയുഷ് മിഷന്റെ യോഗാചാര്യ ശ്രീമതി രേവതിയുടെ നേതൃത്വത്തിലാണ് യോഗ ക്യാമ്പ് നടന്നത്. HR ജനറൽ മാനേ

ജർ ശ്രീ ജോഷി പോൾ സ്വാഗതം ആശംസിച്ചു കൊണ്ട് ആരംഭിച്ച പരിപാടിയിൽ മുഖ്യാതിഥിയായി അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജിമ്മി ഇടക്കുളത്തൂർ പങ്കെടുക്കുകയും സീനിയർ ലീഗൽ സ്പെഷ്യലിസ്റ്റ് അഡ്വ. ജസ്റ്റിൻ സി ജെ പരിപാടിയിൽ നന്ദി അർപ്പിക്കുകയും ചെയ്തു.

**റേഡിയോ എപിസോഡ് സംപ്രേഷണം ചെയ്തു**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ Emergency Medicine വിഭാഗത്തിന്റെ പത്താം വാർഷികത്തോടനുബന്ധിച്ച് Code Blue Glance into Emergency Medicine department of Jubilee Mission Medical College എന്ന പേരിൽ JFM ക്യാംപസ് റേഡിയോ പ്രത്യേക പരിപാടി സംപ്രേഷണം ചെയ്തു. പ്രൈവറ്റ് മെഡിക്കൽ കോളേജുകൾ പരിഗണിക്കുമ്പോൾ കേരളത്തിലെ തന്നെ ആദ്യത്തെ എമർജൻസി മെഡിസിൻ വിഭാഗം ആരംഭിച്ചത് ജൂബിലി മിഷൻ മെഡിക്കൽ കോളജിൽ ആണ്. എമർജൻസി മെഡിസിൻ വിഭാഗത്തിലെ പ്രൊഫസർ ഡോ. പി.സി. രാജീവ്, അസോസിയേറ്റ് പ്രൊഫസർ ഡോ.സിജു.വി.എബ്രഹാം, ഡോ. ഡിയോ, ഡോ. നീതു എന്നിവർ സംസാരിച്ചു.

**അനാകോണ്ട സ്റ്റെന്റിങ് എൻഡോവാസ്കുലാർ ചികിത്സ ജൂബിലിയിൽ**

ജപ്പാൻ നിർമ്മിത അനാകോണ്ട സ്റ്റെന്റ് ഗ്രാഫ്റ്റ് ഉപയോഗിച്ചുള്ള അപൂർവ്വ എൻഡോവാസ്കുലാർ ചികിത്സ ജൂബിലിയിൽ ഡോ. വിനീത്കുമാറിന്റെ നേതൃത്വത്തിൽ വിജയകരമായി പൂർത്തീകരിച്ചു. തൃശ്ശൂർ കൊറ്റനല്ലൂർ ശങ്കരനാരായണൻ എന്ന 79 വയസ്സുള്ള രോഗിയിലാണ് ചികിത്സ പൂർത്തിയാക്കിയത്. കാർഡിയാക് അനസ്തേഷ്യ വിഭാഗത്തിലെ ഡോ. ഷിബു കള്ളിവളപ്പിൽ, ഡോ. ശിൽപ, ഷോബിൻ, കാത്ത് ലാബ് ടെക്നീഷ്യന്മാരായ സന്ദീപ്, അഭിലാഷ്, ജിബിൻ, നേഴ്സിങ്ങ് വിഭാഗത്തിലെ ജൂബി ബേയ്സി, ശ്രീജ, ജോൽഫി, സോണി, അനസ്തേഷ്യ വിഭാഗത്തിലെ ഷാലിബ്, അനീറ്റ എന്നിവർ പങ്കാളികളായിരുന്നു.

ഇൻഷൂറൻസ്, വിവിധ ആരോഗ്യപദ്ധതികൾ എന്നിവയുടെ സഹായത്തോടെ തികച്ചും സൗജന്യമായാണ് ഏഴ് ലക്ഷത്തോളം രൂപ ചിലവ് വരുന്ന എൻഡോ വാസ്കുലർ ചികിത്സ ലഭ്യമാക്കിയത്.

**അഭിനന്ദനങ്ങൾ .. ആശംസകൾ ..**

DNB/ Dr NB 2020 ലെ അവസാന വർഷ പരീക്ഷയിൽ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ വിഭാഗത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. റെനി ബെന്നി President

NBEMS Gold Medal കരസ്ഥമാക്കി.

ഹൈദരാബാദിൽ Advances in genetic diagnosis in the Era of OMICS എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ഇന്റർനാഷണൽ കോൺഫറ ൻസിൽ Young Scientist അവാർഡ് ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച് വിഭാഗം PhD സ്കോളർ ഫാ. ജിജോ ഫ്രാൻസിസ് നേടി.

ഓറൽ പ്രസന്റേഷനിൽ ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച് വിഭാഗം റിസർച് അസിസ്റ്റന്റ് സൗമ്യ രാജ് മൂന്നാം സ്ഥാനം നേടി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- പ്രൊവിൻഷ്യൽ സുപ്പീരിയർ, നവജ്യോതി പ്രൊവിൻസ് ഹൗസ്, അയ്യന്തോൾ, തൃശ്ശൂർ
- സെന്റ് ആന്റണീസ് ചർച്ച്, മണ്ണുത്തി, തൃശ്ശൂർ
- അരുൺ ചാണ്ടി, കുത്തറ ഹൗസ്, വൈക്കം
- ലോന കെ. വി, ആച്ചാണ്ടി ഹൗസ്, വെള്ളാചിറ, തൃശ്ശൂർ
- ഡിപ്പാർട്ടുമെന്റ് ഓഫ് എമർജൻസി മെഡിസിൻ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- സേക്രട്ട് ഹാർട്ട് ചർച്ച്, പെരിഞ്ചേരി, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- മെറിൻ ഡെറിൻ, (C/o), ഫാ. ഡെമിൻ തറയിൽ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- എടക്കളത്തൂർ ഫാമിലി, അരിമ്പൂർ, തൃശ്ശൂർ
- ഏയ്ഞ്ചലിൻ ബിജോയ്, ഇരിങ്ങാലക്കുട, തൃശ്ശൂർ
- റോനെറ്റ് കെ. വി, പുതുക്കാട്, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

## ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

**1. അഡ്മിഷൻ 2022–2023**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ അടുത്ത അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ എൻക്വയറി ആരംഭിച്ചിരിക്കുന്നു.
9526924455, 9526934455, 9847943383

**2. ബ്ലഡ് ഡൊണേഷൻ ക്യാമ്പ്**

റെഡ് റിബ്ബൺ ക്ലബും എൻ. എസ്. എസ്. യൂണിറ്റും സംയുക്തമായി ജൂബിലി മിഷൻ ആശുപത്രിയുമായി സഹകരിച്ച് ജൂലൈ 1ന് രക്തദാനക്യാമ്പ് കോളേജിൽ നടത്തുകയുണ്ടായി. നൂറോളം വിദ്യാർത്ഥികൾ രക്തദാനം നടത്തി.

**3. ദ്വിദിന വർക്ക്ഷോപ്പ്**

ടാറ്റാ ജ്യോതി ഐ.ഐ.ഐ.സി.യുടെ നേതൃത്വത്തിൽ പ്രോഡക്ട് ഡിസൈൻ ആൻഡ് ഡവലപ്പ്മെന്റ് എന്ന വിഷയത്തിൽ ജൂലൈ 7,8 തീയതികളിൽ ദ്വിദിന വർക്ക്ഷോപ്പ് നടത്തി.

**ഫാ. തോമസ് കാക്കശ്ശേരി**
എക്സിക്യൂട്ടീവ് മാനേജർ

**ഫാ. സിജോ ചെറുവത്തൂർ**
പി.ആർ.ഒ

## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. പ്ലെയ്സ്മെന്റ് ലഭിച്ചു**

കോളേജിലെ പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ 38 കുട്ടികൾക്ക് കഴിഞ്ഞമാസം പ്ലെയ്സ്മെന്റ് ലഭിച്ചു. അലിയൻസ് – 1, കേപ്പ് ജിമിനി – 2, സുബകിരൺ അസറ്റ്സ്– 6, എം. ആർ. എഫ് – 1, ഗൈഡ് ഹൗസ് – 4, ഗാഡ്ജിയോൺ – 2, ടി.സി. എസ്–8, ഇ വൈ – 1, സൗത്ത് ഇന്ത്യൻ ബാങ്ക് 13.

എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പ്ലെയ്സ്മെന്റ് ലഭിച്ചു.

**2. കായികം**

അന്തർദേശീയ ലോങ്ജംബ് മത്സരത്തിൽ സ്വർണ്ണവും, 61–ാമത് ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ ലോങ്ജംബിൽ രണ്ടാസ്ഥാനവും ആൻസി സോജൻ കരസ്ഥമാക്കി. ആൻസി സോജന് അഭിനന്ദനങ്ങൾ.

ദേശീയ ഇന്റർ യൂണിവേഴ്സിറ്റി വാട്ടർ പോളോ മത്സരത്തിൽ കോളേജിലെ അഭിജിത്ത് എസ്.പി., ബ്രഹ്മദത്ത് എ.എസ്., ആദർശ് ബാലചന്ദ്രൻ, ശബരി എം. ആർ. എന്നിവർ ചാമ്പ്യൻഷിപ്പ് നേടി.

തുർക്കിയിൽ വച്ച് നടന്ന അന്തർദേശീയ അത്‌ലറ്റിക്സ് മത്സരങ്ങളിൽ 200 മീറ്റർ ഓട്ടമത്സരത്തിൽ മൂന്നാം സ്ഥാനവും 100 മീറ്റർ ഓട്ടത്തിൽ 5–ാം സ്ഥാനവും അഞ്ജലി പി.ഡി.യ്ക്ക് ലഭിച്ചു. അഭിനന്ദ നങ്ങൾ

**3. പി.എച്ച്.ഡി നേടി**

കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ ഡോ. വിദ്യാ തോമസ് കെ., റിട്ട യേർഡ് കെമിസ്ട്രി തലവൻ ഡോ. ജോബി തോമസ് കെ. യുടെ ഗവേ ഷണ മേൽനോട്ടത്തിൽ ഗവേഷണ ബിരുദം നേടി. അണ്ണാ യൂണിവേഴ് സിറ്റി പ്രൊഫസർ ഡോ. എൻ. രാജേന്ദ്രൻ ഓപ്പൺ ഡിഫൻസിന്റെ ചെയർമാനായിരുന്നു.

**4. സെമിനാർ**

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റേയും, മലയാളം ഡിപ്പാർട്ട്മെന്റി ന്റേയും സംയുക്ത ആഭ്യമുഖ്യത്തിൽ ദ്വിഭാഷ സെമിനാർ സംഘടിപ്പിച്ചു. പ്രശസ്ത കവിയും എഴുത്തുകാരനുമായ ശ്രീ. സുധീപ് സെൻ പ്രഭാഷണം നടത്തി.

വനിതാ കമ്മീഷനും, കോളേജിലെ വുമൺ സെല്ലിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ നിയമ ബോധവത്കരണ ക്ലാസ്സ് നടത്തി. അഡ്വ. കെ. ആർ. സുമേഷ് ക്ലാസ് നയിച്ചു.

ഐ.ക്യു.എ.സി. യുടെ ആഭിമുഖ്യത്തിൽ റിസർച്ച് ഇൻഫോർമാ റ്റിക് വിഷയത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ബാംഗ്ലൂർ പൊന്തിഫി ക്കൽ അതിനേയം ലൈബ്രേറിയൻ റവ. ഡോ. ജോൺ നീലങ്കാവിൽ വർക്ക്ഷോപ്പ് നയിച്ചു.

**5. മത്സരം സംഘടിപ്പിച്ചു**

വായന സ്റ്റാറ്റിസ്റ്റിക്കൽ ദിനത്തോടനുബന്ധിച്ച് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട് മെന്റ് ഇക്കണോമിക്സ് ആന്റ് സറ്റാറ്റിസ്റ്റിക്സ് ഡിസ്ട്രിക്റ്റ് ഓഫീസുമായി സഹകരിച്ച് ഓൺലൈൻ ക്വിസ്സ്, ഉപന്യാസ രചന, പോസ്റ്റർ നിർമ്മാണം, ഷോർട്ട് ഫിലിം നിർമ്മാണം എന്നിവയിൽ മത്സരം നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകി. ഇക്കണോമിക്സ് ആന്റ്

സറ്റാറ്റിസ്റ്റിക്സ് ഡിസ്ട്രിക്റ്റ് ഓഫീസർ ഷോജൻ എ.പി. മുഖ്യ അതിഥി ആയിരുന്നു.

വായന ദിനത്തോടനുബന്ധിച്ച് ലാൻഗ്വേജ് ഡിപ്പാർട്ട്മെന്റ് വായനാമത്സരം സംഘടിപ്പിച്ചു. വിജയികൾക്ക് സമ്മാനം നൽകി.

**6. ഉദ്ഘാടനം ചെയ്തു**

നാക്ക് നവീകരിച്ച കൺട്രോളർ ഓഫ് എക്സാമിനേഷന്റെ ഓഫീസ് മാനേജർ മാർ ടോണി നീലങ്കാവിൽ വെഞ്ചിരിച്ചു.

**7. ആദരിച്ചു**

മീഡിയ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ സത്യ ജിത് റേ മെമ്മോറിയൽ ഫിലിം ക്രിട്ടിക് അവാർഡ് നേടിയ ശ്രീ. ഐ. ഷൺമുഖദാസിനേയും, സി.ബി.സി.ഐ മീഡിയ കമ്മീഷൻ സെക്രട്ടറി യായ ഫ. ബിജു ആലപ്പാട്ടിനേയും, ഫിലിം ഡയറക്ടർ ശ്രീ. രാഹുൽ ആർ. ശർമ്മയേയും നേട്ടങ്ങളിൽ അനുമോദിച്ച് ആദരിച്ചു.

**8. നേട്ടം**

ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലക്കുടയിൽ വെച്ച് നടത്തപ്പെട്ട ബിസ്സിനസ് ക്വിസ്സിൽ വിദ്യാർത്ഥികളായ ശ്രീഹരി എം., ഭരതരാജ് സി. എന്നിവർ ഒന്നാംസ്ഥാനം നേടി.

ബോട്ടണി ഡിപ്പാർട്ട്മെന്റിലെ 4 വിദ്യാർത്ഥികൾക്ക് ഒരുമിച്ച് ഒരു സിന്റിക്കേറ്റ് മീറ്റിംഗിൽ പി.എച്ച്.ഡി ബിരുദം പാസാക്കി. കാലിക്കറ്റ് യൂണി വേഴ്സിറ്റിയിൽ ഇങ്ങനെയുള്ള വിജയം അപൂർവ്വമായിട്ടാണ് കോളേജു കൾക്ക് ലഭിക്കാറുള്ളത്.

**9. അക്കാദമിക് പ്ലാൻ തയ്യാറാക്കി**

ഐ.ക്യു.എ.സി യുടെ ആഭിമുഖ്യത്തിൽ കോളേജിന്റെ അക്കാദ മിക് സ്ട്രാറ്റജിക് പ്ലാൻ തയ്യാറാക്കി. മൂന്നു ദിവസങ്ങളിലായി നടന്ന പ്രോഗ്രാമിൽ സെന്റ് ആൽബർട്ട്സ് കോളേജ് റിട്ട. പ്രിൻസിപ്പാൾ പ്രൊഫ. ഹാരി ക്ലീറ്റസ് മുഖ്യപ്രഭാഷണം നടത്തി. മാനേജർ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു.

**10. എൻ.എസ്.എസ്**

വേൾഡ് എൽഡർ അഭ്യൂസ് ഡെയിൽ തൃശ്ശൂർ മെഡിക്കൽ ഓഫീസുമായി സഹകരിച്ച് 'അകക്കണ്ണ്' എന്ന ഷോർട്ട്ഫിലിം പ്രകാ ശനം ചെയ്തു.

ഇന്റർനാഷണൽ പാനിക് ഡെ, ഡ്രഗ് അഭ്യൂസ് ദിനം ഒബ്സർവ്വ് ചെയ്തു. ഒല്ലൂർ വില്ലേജ് ഓഫീസ് വൃത്തിയാക്കി. അന്തർദേശീയ യോഗ ദിനത്തോടനു ബന്ധിച്ച് ജില്ലാതല ഉദ്ഘാടനം നെഹ്റു യുവകേന്ദ്രയും എൻ.എസ്.എസ്. യൂണിറ്റിന്റെയും സംയുക്ത നേതൃത്വത്തിൽ

കോളേജിൽ സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.കെ. ഡേവീസ് ഉദ്ഘാടനവും, ഡെപ്യൂട്ടി മേയർ ശ്രീമതി രാജേശ്വരി ഗോപൻ അധ്യക്ഷ പ്രസംഗവും നടത്തി.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ.

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ............**

**ആചരിക്കാൻ 2022 ആഗസ്റ്റ്**

4 (വ്യാഴം) – വി. ജോൺ. മരിയ വിയാനി
5 (വെള്ളി) – ആദ്യവെള്ളി, വി. കുർബാന
9 (ചൊവ്വ) – ക്വിറ്റ് ഇന്ത്യാദിനം
11 (വ്യാഴം) – വി. ക്ലാര
15 (തിങ്കൾ) – ഇന്ത്യൻ സ്വാതന്ത്ര്യദിനം, മറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ
29 (വെള്ളി)) – വി. എവുപ്രാസ്യ

## 2. RESULT OF S.S.L.C. EXAMINATION – MARCH 2022

| Sl. No. | Name of school | Students appeared | No. of pupils who got D+ and above in all subject | School percentage 2021-2022 |
|---|---|---|---|---|
| 1. | C.J.M.A.H.S.S.,Varandarappilly | 343 | 343 | 100 |
| 2. | St. Thomas H.S.S., Engandiyur | 315 | 315 | 100 |
| 3. | St. Thomas H.S.S., Mayannur | 238 | 238 | 100 |
| 4. | St. John's H.S.S., Parappur | 215 | 215 | 100 |
| 5. | Matha H.S., Mannampetta | 183 | 183 | 100 |
| 6. | St. Antony's H.S.S., Pazhuvil | 180 | 180 | 100 |
| 7. | St. Thomas C.H.S.S., Thrissur | 167 | 167 | 100 |
| 8. | St. Joseph's H.S., Enamakkal | 161 | 161 | 100 |
| 9. | St. Mary's H.S., Chengaloor | 159 | 159 | 100 |
| 10. | St. Sebastian's H.S., | | | |

| | | | | |
|---|---|---|---|---|
| | Mannamangalam | 157 | 157 | 100 |
| 11. | St. Joseph's H.S.S., Velupadam | 127 | 127 | 100 |
| 12. | St. Thomas H.S.S., Thope, Thrissur | 104 | 104 | 100 |
| 13. | St. Xavier's H.S., Chevoor | 79 | 79 | 100 |
| 14. | St. Thomas H.S.S., Vallachira | 52 | 52 | 100 |
| 15. | St. Joseph's H.S.S., Avinissery | 36 | 36 | 100 |
| 16. | St. Antony's H.S.S., Puthenpeedika | 36 | 36 | 100 |
| 17. | Tharakan's H.S., Aranattukara | 29 | 29 | 100 |
| 18. | St. Sebastian's H.S., Chittattukara | 293 | 292 | 99.66 |
| 19. | St. Thomas H.S.S., Thiroor | 230 | 229 | 99.56 |
| 20. | St. Antony's H.S.S., Ammadam | 199 | 198 | 99.50 |
| 21. | St. Antony's H.S.S., Pudukad | 150 | 149 | 99.33 |

**3. <u>RESULT OF Plus TWO EXAMINATION – MARCH 2022</u>**

| Sl. No. | Name of school | Students appeared | | Passed percentage |
|---|---|---|---|---|
| 1. | St. Thomas C.H.S.S., Thrissur | 270 | 266 | 98.52 |
| 2. | St. Antony's H.S.S., Puthenpeedika | 104 | 99 | 95.19 |
| 3. | St. John's H.S.S., Parappur | 165 | 157 | 95.15 |
| 4. | St. Antony's H.S.S., Ammadam | 267 | 252 | 94.38 |
| 5. | C.J.M.A.H.S.S., Varandarappilly | 217 | 204 | 94.01 |
| 6. | St. Antony's H.S.S., Pudukad | 549 | 492 | 89.62 |
| 7. | St. Antony's H.S.S., Pazhuvil | 106 | 92 | 86.79 |
| 8. | St. Thomas H.S.S., Engandiyur | 165 | 142 | 86.06 |
| 9. | St. Thomas H.S.S. Thope, Thrissur | 160 | 132 | 82.50 |
| 10. | St. Thomas H.S.S., Mayannur | 153 | 126 | 82.35 |
| 11. | St. Thomas H.S.S., Thiroor | 110 | 90 | 81.82 |
| 12. | St. Thomas H.S.S., Vallachira | 160 | 126 | 78.75 |
| 13. | St. Joseph's H.S.S., Velupadam | 109 | 84 | 77.06 |
| 14. | St. Joseph's H.S.S., Avinissery | 162 | 117 | 72.22 |

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്റർ

**നവദമ്പതിസംഗമം**
**ഓഗസ്റ്റ് 28 ഞായർ 9.30** am to **1.00** pm
**ദാമ്പത്യ ബന്ധം എങ്ങനെ ഊഷ്മളമാക്കാം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2021 ഡിസംബർ, 2022 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വിവാഹിതരായ നവ ദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനമാണ് ഓഗസ്റ്റ് 28 ഞായറാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെയുണ്ടായിരിക്കും. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. സമയം രാവിലെ 9.30 മുതൽ 1.00 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

ദാമ്പത്യബന്ധം എങ്ങനെ ഊഷ്മളമാക്കാം എന്ന വിഷയത്തെ ആസ്പദമാക്കിയായിരിക്കും ഈ സെമിനാർ. ഈ മാസങ്ങളിൽ വിവാഹിതരായ ദമ്പതികൾ എല്ലാവരും തന്നെ നിർബന്ധമായും ഈ സെമിനാറിൽ സംബന്ധിക്കാൻ ഏറെ താഴ്മയോടെ അഭ്യർത്ഥിക്കുന്നു.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ക്രിസ്റ്റീൻ ചിറമ്മൽ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**കുടുംബകൂട്ടായ്മ ഇലക്ഷൻ 2022–2025**

കുടുംബകൂട്ടായ്മ യൂണിറ്റുകളിലേക്ക് ജൂൺ, ജൂലൈ മാസങ്ങളിൽ ഇലക്ഷൻ നടന്നു കഴിഞ്ഞു എന്ന് വിശ്വസിക്കുന്നു. ഓഗസ്റ്റ് മാസത്തിൽ ഇടവക കേന്ദ്രസമിതിയിലേക്കുള്ള ഇലക്ഷനുകൾ പൂർത്തിയാക്കേണ്ടതാണ്. അച്ചന്റെ ഇടവകയിൽ സൗകര്യപ്രദമായ ഒരു തിയ്യതി കണ്ടെത്തി സമയബന്ധിതമായി ഇടവക കേന്ദ്രസമിതി ഇലക്ഷൻ

പൂർത്തിയാക്കുമല്ലോ. ഇടവകതല ഇലക്ഷനുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

1. ഓരോ കുടുംബയൂണിറ്റിലേയും തിരഞ്ഞെടുക്കപ്പെട്ട 7 ഭാരവാഹികൾ ഉൾക്കൊള്ളുന്നതാണ് ഇടവക കുടുംബകൂട്ടായ്മ കേന്ദ്രസമിതി ജനറൽബോഡി.
2. ജനറൽബോഡിയിൽ നിന്നാണ് ഇടവക കുടുംബകൂട്ടായ്മ കേന്ദ്രസമിതിയിലേക്ക് താഴെ പറയുന്ന സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടക്കേണ്ടത്. കൺവീനർ, ജോ. കൺവീനർ (1 പുരുഷൻ), ജോ. കൺവീനർ (1 സ്ത്രീ), സെക്രട്ടറി, ജോ. സെക്രട്ടറി (1 പുരുഷൻ), ജോ. സെക്രട്ടറി (1 സ്ത്രീ), ട്രഷറർ.
3. കേന്ദ്രസമിതിയിൽ ഒരു യൂണിറ്റിൽ നിന്ന് ഒന്നിൽ കൂടുതൽ ഭാരവാഹികൾ ഉണ്ടായിരിക്കരുത്.
4. ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടുന്നവർ സിവിൽ നിയമപ്രകാരമുള്ള പ്രായപൂർത്തി എത്തിയവരായിരിക്കണം.
5. കുടുംബകൂട്ടായ്മ 7 ഭാരവാഹികളിൽ ഒരാൾ നിർബന്ധമായും 18–30 വയസ്സിന് ഇടയിൽ പ്രായമുള്ള ഒരു യുവജനപ്രതിനിധിയായിരിക്കേണ്ടതാണ്.
6. ഭാരവാഹികളുടെ കാലാവധി മൂന്ന് വർഷമായിരിക്കും.
7. സാധാരണ നിലയിൽ ഒരു വ്യക്തിക്ക് ഒരേ തസ്തികയിൽ രണ്ട് ടേമിൽ കൂടുതൽ തുടർച്ചയായി ഭാരാവാഹിയായി തുടരാൻ അനുവാദമില്ല.
8. ചെയർമാൻ (വികാരി) കുടുംബകൂട്ടായ്മ ഇടവക ജനറൽ ബോഡിയിൽ നിന്ന് 2 പേരെ കേന്ദ്രസമിതി അംഗങ്ങളായി നോമിനേറ്റ് ചെയ്യേണ്ടതാണ്.
9. ഇടവക കുടുംബകൂട്ടായ്മ കേന്ദ്രസമിതി ഇലക്ഷൻ കഴിഞ്ഞാൽ എല്ലാ കുടുംബകൂട്ടായ്മകളിലേയും, കേന്ദ്രസമിതിയിലേയും ഭാരവാഹികളുടെ പൂർണ്ണമായ മേൽവിലാസം ഫോൺ നമ്പർ സഹിതം രേഖപ്പെടുത്തി അതിരൂപത ഓഫീസിൽ ഓഗസ്റ്റ് 31 ന് മുൻപായി എത്തിക്കേണ്ടതാണ്.
10. 2022 സെപ്റ്റംബർ/ ഒക്ടോബർ മാസങ്ങളിലാണ് ഫൊറോന കേന്ദ്രസമിതി തിരഞ്ഞെടുപ്പ് നടക്കുന്നത്.
11. 2022 ഡിസംബർ മാസത്തിൽ അതിരൂപത കേന്ദ്രസമിതിയുടെ തിരഞ്ഞെടുപ്പ് നടക്കുന്നതാണ്.

NB: ഇടവക പ്രതിനിധി യോഗത്തിലേക്ക് കുടുംബകൂട്ടായ്മകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ കുടുംബകൂട്ടായ്മകളിൽ സജീവമായി പ്രവർത്തിക്കുന്നവരായിരിക്കണം. സാധാരണ നിലയിൽ അവർ കുടുംബകൂട്ടായ്മകളിലെ പ്രധാന ഭാരവാഹികളിൽ (പ്രസിഡണ്ട്, സെക്ര

ട്ടറി, ട്രഷറർ) ആരെങ്കിലും ആയിരിക്കണം. – തൃശ്ശൂർ അതിരൂപത നിയമാവലി ഭാഗം 1, പൊതുനിയമങ്ങൾ, 2015, പേജ് 89, ങ്ങ2.

**ഗോൾഡൻ ജൂബിലി സ്മാരക ഭവനങ്ങൾ**

അതിരൂപത കുടുംബകൂട്ടായ്മ ആരംഭിച്ചതിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അതിരൂപതയിൽ കുടുംബകൂട്ടായ്മ ഭാരവാഹികളിൽ ഭവനമില്ലാത്ത കുടുംബങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അഞ്ച് ഭാരവാഹികൾക്ക് ഭവനം നിർമ്മാണം ആരംഭിച്ചിരിക്കുന്നു. ഇനിയും നിർമ്മാണ ഫണ്ടിലേക്ക് ഏതാനും ചില ഇടവകകൾ ശേഖരിച്ച സംഖ്യ ഇവിടെ ഏൽപിക്കാനുണ്ട്. എത്രയും വേഗം ശേഖരിച്ച സംഖ്യ ഫാമിലി അപ്പൊസ്റ്റൊലേറ്റിലുള്ള തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ ഓഫീസിൽ ഏൽപിച്ച് റസിപ്റ്റ് കൈപറ്റുമല്ലോ. സഹകരണത്തിന് ഒത്തിരി നന്ദി.

**എസ്.എസ്.എൽ.സി., പ്ലസ് ടു ഫുൾ എപ്ലസ്**

ഈ വർഷം പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലായി വിവിധ സിലബസുകളിൽ ഫുൾ എപ്ലസ്, ഫുൾ എ വൺ നേടിയ 2019 – 2022 കാലയളവിൽ സേവനം ചെയ്ത കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മക്കൾക്ക് സമ്മാനം നൽകുന്നതിന് മുന്നോടിയായി സമ്മാനാർഹരുടെ മാർക്ക്ഷീറ്റിന്റെ കോപ്പിയുടെ പുറകിൽ ഇടവകയുടെ പേരും ഭാരവാഹിയുടെയും യൂണിറ്റിന്റെ പേരും ഭാരവാഹിത്വവും കാലയളവും വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയതിനുശേഷം അതിന്റെ കോപ്പിയും സമ്മാനർഹയായ കുട്ടിയുടെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും കോൺടാക്ട് നമ്പറും (വാട്സ് ആപ്പ് നമ്പർ) ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ഓഗസ്റ്റ് 25 ന് മുൻപായി ഏൽപിക്കേണ്ടതാണ്. സമ്മാനവിതരണ തിയ്യതി പിന്നീട് അറിയിക്കുന്നതാണ്.

NB: 2022 – 2025 കാലയളവിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പുതിയ ഭാരവാഹികളുടെ മക്കളുടെ മാർക്ക് ലിസ്റ്റ് തരേണ്ടതില്ല.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

# മാതൃവേദി

**ലെഗാരെ – 2022**

ഈ വർഷം ഏപ്രിൽ 1 മുതൽ നവംബർ 31 വരെയുള്ള മാസങ്ങളിൽ ഒരു പ്രാവശ്യം സമ്പൂർണ്ണ ബൈബിൾ വായിക്കുക എന്ന ലക്ഷ്യത്തോടെ ലെഗാരെ – 2022 ആരംഭിച്ചുകഴിഞ്ഞു. ഈ സദുദ്യമത്തിൽ പങ്കുചേരാൻ എല്ലാ അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. ഡിസംബർ മാസത്തിൽ അതിരൂപത തലത്തിൽ നടക്കുന്ന മാതൃവേദിയുടെ മഹാസംഗമത്തിൽ വച്ച് ഈ മാസങ്ങളിൽ സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തുന്ന അമ്മമാർക്കുള്ള സമ്മാനം നൽകുന്നതായിരിക്കും. ഓഗസ്റ്റ് മാസത്തിൽ വായിക്കേണ്ട ബൈബിൾ ഭാഗങ്ങൾ ജോയേൽ, ആമോസ്, ഒബാദിയ, യോന, മിക്ക, നാഹും, ഹബക്കുക്ക്, സെഫാനിയ, ഹഗ്ഗായി എന്നീ പുസ്തകങ്ങളാണ്.

**പ്രാർത്ഥനാദിനം**

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപത തല പ്രാർത്ഥനാദിനമായി ഓഗസ്റ്റ് 16–ാം തിയ്യതി ചൊവ്വാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതാണ്. 9.30 ന് ജപമാലയോടുക്കൂടി പ്രാർത്ഥനാദിനം ആരംഭിക്കും. തുടർന്ന് വി.കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്. മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**വിവാഹം ഒരു പഠനം**

മാതൃവേദി അംഗങ്ങൾക്കായുള്ള വിവാഹത്തെക്കുറിച്ചുള്ള പഠനശിബിരം ഓഗസ്റ്റ് 16–ാം തിയ്യതി (9.30 am – 1.00 pm) ചൊവ്വാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ചിട്ടുള്ള കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഓഗസ്റ്റ് 16 ചൊവ്വ (9.30 am– 1.00 pm) ഉണ്ടായിരിക്കുന്നതാണ്. അതിരൂപതയിലെ മാതൃവേദി അംഗങ്ങൾക്ക് കരകൗശല, ഫുഡ് പ്രദർശനത്തിനും, വിൽപ്പനയ്ക്കും വസ്തുക്കൾ കൊണ്ടുവരാവുന്നതാണ്.

**റമ്പാൻ പാട്ട് മത്സര വിജയികൾ**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ റമ്പാൻ പാട്ട് മത്സരം അതിരൂപത തലത്തിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് നടത്തുകയുണ്ടായി. അതിൽ സമ്മാനങ്ങൾ കരസ്ഥമാക്കിയ ഇടവക കളെ താഴ ചേർക്കുന്നു.

ഒന്നാം സമ്മാനം – ലൂർദ്ദ് ഇടവക, ലൂർദ്ദ് ഫൊറോന

രണ്ടാം സമ്മാനം – ഗുരുവായൂർ ഇടവക, പാലയൂർ ഫൊറോന

മൂന്നാം സമ്മാനങ്ങൾ – പള്ളിക്കുന്ന് ഇടവക, പുതുക്കാട് ഫൊറോന

– പനംക്കുറ്റിച്ചിറ ഇടവക, ഒല്ലൂർ ഫൊറോന

പ്രോത്സാഹന സമ്മാനങ്ങൾ

1. പുത്തൂർ ഇടവക, പുത്തൂർ ഫൊറോന
2. പോന്നോർ ഇടവക, പറപ്പൂർ ഫൊറോന

സമ്മാനം കരസ്ഥമാക്കിയവർക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ. ഇവരെ ഒരുക്കിവിട്ട വികാരിയച്ചന്മാർക്കും ഒത്തിരി നന്ദി.

**സ്തോത്രഗീതം മത്സര വിജയികൾ**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ മറിയ ത്തിന്റെ സ്തോത്രഗീതം എന്ന മത്സരത്തിൽ 1300 ൽ പരം അമ്മമാർ പങ്കെടുത്തു. അതിലെ വിജയികൾ.

ഒന്നാം സമ്മാനം – ഷീജ ജോസ്, ചൂണ്ടൽ ഇടവക

രണ്ടാം സമ്മാനം – ജോയ്സി ബെന്നി, പുറണാട്ടുകര ഇടവക

മൂന്നാം സമ്മാനം – ലിസി തോമാസ്, പള്ളിക്കുന്ന് ഇടവക

– അൽഫോൺസാ തോമസ്, വളപ്പായ ഇടവക

പ്രോത്സാഹന സമ്മാനങ്ങൾ

1. സിനി സണ്ണി – ഗുരുവായൂർ ഇടവക
2. ജ്വാല സന്തോഷ് – പല്ലിശ്ശേരി ഇടവക
3. ജെയ്മോൾ റോയ് – വീണ്ടശ്ശേരി ഇടവക
4. ആൻസി ബിജോ – കോനിക്കര ഇടവക
5. അനില ജോബി – പൂങ്കുന്നം ഇടവക
6. റിൻസി ആന്റോ – തയ്യൂർ ഇടവക
7. ഏലീശ്വാ സണ്ണി – മാന്ദാമംഗലം ഇടവക
8. നവ്യാ ആന്റണി – വളപ്പായ ഇടവക

9. ജെന്നി സേവി – വെള്ളറക്കാട് ഇടവക
10. മെയ് മോൾ ബാസ്റ്റിൻ – ഏനാമ്മാവ് ഇടവക
11. ധന്യാ ഡിജോ – കൂനംമൂച്ചി ഇടവക

പങ്കെടുത്തവർക്കും വിജയികൾക്കും ഒരുക്കിവിട്ട വികാരിയച്ചന്മാർക്കും ഒത്തിരി നന്ദി.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി.കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും ഓഗസ്റ്റ് 1 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ) നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ശ്രീ. രാജൻ ആന്റണി**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# പിതൃവേദി



**പിതൃവേദി അതിരൂപത ഭാരവാഹികളുടെ സംഗമം**

അതിരൂപത പിതൃവേദിയുടെ നേതൃത്വത്തിൽ നമ്മുടെ അതിരൂപതയിലെ പിതൃവേദിയുള്ള ഇടവകകളിലെ എല്ലാ ഭാരവാഹികളുടെയും സംയുക്ത മീറ്റിങ്ങ് ഓഗസ്റ്റ് 21 ഞായർ 2.30 മുതൽ 4.00 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. പിതൃവേദിയുള്ള ഇടവകകളിലെ എല്ലാ ഭാരവാഹികളും നിർബന്ധമായും പിതൃവേദി ഭാരവാഹികളുടെ സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്.

**ശ്രീ. ജോജു നീലങ്കാവിൽ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

**പ്രധാനമന്ത്രി ശ്രം യോഗി മാൻ ധൻ യോജന പദ്ധതി**

55 രൂപ മുടക്കിയാൽ കേന്ദ്ര സർക്കാർ പ്രതിമാസം 3000 രൂപ പെൻഷൻ നൽകുന്ന പദ്ധതി

തൊഴിലാളികളുട വാർദ്ധക്യ കാലത്ത് സംരക്ഷണത്തിനും സാമൂഹിക സുരക്ഷക്ക് വേണ്ടിയുള്ള ഒരു കേന്ദ്രസർക്കാർ പദ്ധതി ആണ് പ്രധാനമന്ത്രി ശ്രം യോഗി മാൻ ധൻ യോജന. 60 വയസ്സ് തികഞ്ഞതിനുശേഷം അസംഘടിതമേഖലാ തൊഴിലാളികളായ ഗുണഭോക്താക്കൾക്ക് പ്രതിമാസം 3000 രൂപ മിനിമം പെൻഷൻ ഉറപ്പു നൽകുന്ന ഒരു പദ്ധതിയാണിത്, പെൻഷൻ വരിക്കാരൻ മരണപ്പെട്ടാൽ ഗുണഭോക്താവിന് പങ്കാളിക്ക് 50 ശതമാനം പെൻഷൻ ലഭിക്കാനുള്ള അർഹതയും ഈയൊരു പദ്ധതിയിലൂടെ ലഭിക്കുന്നു.

**പ്രധാന മാനദണ്ഡങ്ങൾ**

♦ ഒരു അസംഘടിത തൊഴിലാളി ആയിരിക്കണം.

- പ്രതിമാസ വരുമാനം 15,000 രൂപയോ അതിൽ താഴെയോ ഉള്ളവരെയാണ് പദ്ധതിയിൽ ചേർക്കുക.
- 18നും 40നും ഇടയിൽ പ്രായമുള്ളവരുമാകണം.
- ആദായ നികുതി അടയ്ക്കുന്നവരോ മറ്റ് പെൻഷൻ പദ്ധതികളായ എൻ.പി.എസ്, ഇ.എസ്.ഐ, ഇ.പി.എഫ് തുടങ്ങിയ പദ്ധതികളിലൊന്നും അംഗങ്ങളായവരോ ആകരുതെന്നും നിർദ്ദേശമുണ്ട്.

**വിള ഇൻഷുറൻസ് പദ്ധതി**

കേന്ദ്രകൃഷി മന്ത്രാലയവും സംസ്ഥാന കൃഷിവകുപ്പും പൊതുമേഖലയിലുള്ള അഗ്രികൾച്ചർ ഇൻഷുറൻസ് കമ്പനിയും ചേർന്നു നടപ്പിലാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി കാർഷികവിളകൾക്ക് ഇൻഷുറൻസ്, പ്രധാനമന്ത്രി ഫസൽ ബീമയോജന എന്നിങ്ങനെ രണ്ടു പദ്ധതികളുണ്ട്. വിളകൾക്ക് ദോഷകരമായി ഭവിക്കുന്ന മഴക്കുറവ്, അധിവൃഷ്ടി, സീസൺ തെറ്റിയുള്ള മഴ, ഉണക്ക്, രോഗ/ കീടസാധ്യതയുള്ള കാലാവസ്ഥ, ശക്തമായ കാറ്റ് എന്നിവയിൽനിന്നുള്ള നഷ്ടങ്ങൾക്കാണ് ഇൻഷുറൻസ്. പരിരക്ഷാ കാലാവധി ഓരോ വിളയ്ക്കും പ്രത്യേകം നിജപ്പെടുത്തിയിട്ടുണ്ട്. നെല്ലിന് 1.5 ശതമാനവും ബാക്കി എല്ലാ വിളകൾക്കും 5% നിരക്കിലുമാണ് പ്രീമിയം തുക നൽകേണ്ടത്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം ആധാർ കാർഡ് കോപ്പി, പാസ് ബുക്ക് കോപ്പി, നികുതി രസീത് കോപ്പി എന്നിവ നൽകണം.

**ഇ.ഡബ്ല്യു.എസ്. സെമിനാറുകൾ**

അധ്യയന വർഷത്തിലേക്ക് പ്ലസ് വൺ മുതലുള്ള ക്ലാസ്സുകളിലേക്കു അഡ്മിഷൻ ലഭിക്കുന്നതിനും സർക്കാർ ജോലി ലഭിക്കുന്നതിനുള്ള സംവരണ സർട്ടിഫിക്കറ്റായ ഇഡബ്ല്യുഎസ് റിസേർവഷനെ (ഇഡബ്ല്യുഎസ് സർട്ടിഫിക്കറ്റിന്റെ കാലാവധി ഓരോ വർഷവും ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ) കുറിച്ചുള്ള സെമിനാറുകൾ തൃശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഇടവകകളുടെ ആവശ്യാനുസരണം സംഘടിപ്പിക്കുന്നു. ഇടവകയിൽ വിശ്വാസ പരിശീലന പി റ്റി എ ജനറൽ ബോഡി കൂടുന്ന അവസരത്തിലോ വി.കുർബാനക്കു ശേഷമോ 1/2 മണിക്കൂർ കിട്ടിയാൽ ഇത് കൃത്യമായി പറഞ്ഞ് നൽകാവുന്നതാണ്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുമല്ലോ.

**ഇടവകകളിൽ പാരീഷ് ഫെസിലിറ്റേഷൻ സെന്റർ ( PFC )**

അരണാട്ടുകര, ഒല്ലൂക്കര, പറപ്പൂർ, കൂനംമൂച്ചി, പൊന്നൂക്കര ഇടവ

കകളിൽ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ (AFC) നേതൃത്വത്തിൽ പാരീഷ് ഫെസിലിറ്റേഷൻ സെന്റർ (PFC) ആരംഭിച്ചു. അതിരൂപത ഫെസിലിറ്റേഷൻ സെന്റർ ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, കൺവീനർ ജോമി ജോൺസൺ, ജോ. കൺവീനർ ജെയിംസ് ആഴ്ചങ്ങാടൻ, അഡ്വൈസറി ബോർഡ് മെമ്പർമാരായ റോണി അഗസ്റ്റിൻ, ഡോ.മേരി റജീന എന്നിവർ വിവിധ വിഷയങ്ങളിൽ ക്ളാസുകൾക്ക് നേതൃത്വം നല്കി.

**ഇടവകകളിൽ EWS Reservation സെമിനാറുകൾ സംഘടിപ്പിച്ചു..**

എരനെല്ലൂർ, നിർമലപുരം, അവിണിശ്ശേരി, കൊഴുക്കുള്ളി, പല്ലിശേരി, വാടാനപ്പിള്ളി, ബ്രഹ്മകുളം, കുണ്ടന്നൂർ, മണ്ണുത്തി, അത്താണി, ഗുരുവായൂർ, കുറിയചിറ, പീച്ചി, ചിറക്കൽ, ചിറ്റിലപ്പിള്ളി, അമല, പാലക്കൽ, നടത്തറ, ലൂർദ്, പറപ്പൂർ, കൂനമൂച്ചി, പോന്നുക്കര, അരണാട്ടുകര, ഒല്ലൂക്കര ഇടവകകളിൽ അഎഇ നേതൃത്വത്തിൽ EWS Reservation നെ സംബന്ധിച്ച് സെമിനാറുകൾ സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, കൺവീനർ ജോമി ജോൺസൺ, ജോ. കൺവീനർ ജെയിംസ് ആഴ്ച്ചങ്ങാടൻ, അഡ്വൈസറി ബോർഡ് മെമ്പർമാരായ റോണി അഗസ്റ്റിൻ, ഡോ.മേരി റജീന എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

കൂടുതൽ വിവരങ്ങൾക്ക്
9605043327, 9447769815, 9946221499
തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)
ഫാമിലി അപോസ്റ്റോലേറ്റ്, കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325 ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# ചിൽഡ്രൻസ് മിനിസ്ട്രി



**സാഹിത്യമത്സരങ്ങൾ**

തൃശ്ശൂർ അതിരൂപതയിലെ ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി. എന്നീ സംഘടനയിലെ കുട്ടികൾക്കായി 2022 ആഗസ്റ്റ് 13 -ാം തിയ്യതി ശനിയാഴ്ച്ച ഉച്ചയ്ക്ക് 1.30 ന് സാഹിത്യമത്സരം തൃശ്ശൂർ, സെന്റ് ക്ലെയേഴ്സ് ഗേൾസ് ഹൈസ്കൂളിൽവെച്ച് സംഘടിപ്പിക്കുന്നു. ചെറുകഥ (മൂന്ന് പേജിൽ കുറയാതെ), കവിത (രണ്ട് പേജിൽ കവിയാതെ), കുഞ്ഞിക്കവിത (നാല് വരി), ഉപന്യാസം (നാല് പേജിൽ കവിയാതെ) എന്നീ വിഭാഗങ്ങളിലാണ് മത്സരങ്ങൾ നടത്തുന്നത്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2022 ആഗസ്റ്റ് 10-ന് മുമ്പായി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫോം ലഭിക്കുന്നതിന് 9947582522 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**പൊതു നിർദ്ദേശങ്ങൾ**

- മത്സരത്തിൽ പങ്കെടുക്കാൻ വരുന്ന കുട്ടികൾ സംഘടനയുടെ ബാഡ്ജ്, അംഗത്വ സർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. (NB: ബാഡ്ജ്, അംഗത്വ സർട്ടിഫിക്കറ്റ് എന്നിവ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്)
- മത്സരത്തിന് ഉപയോഗിക്കേണ്ട ഭാഷ മലയാളമാണ്.
- ഒരു വ്യക്തിക്ക് ഏതെങ്കിലും ഒരു സംഘടനയിൽ ഒരു ഐറ്റത്തിൽ മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളു.
- വിവിധ സംഘടനകളുടെ കീഴിൽ കാറ്റകിസം ക്ലാസ് അടിസ്ഥാനത്തിൽ നാല് വിഭാഗങ്ങളിലായാണ് മത്സരം നടത്തുന്നത്.

1. തിരുബാലസഖ്യം - 4-ാം ക്ലാസ് മുതൽ 7-ാം ക്ലാസ് ഉൾപ്പെടെ
2. അൾത്താരസംഘം - 4-ാം ക്ലാസ് മുതൽ 7-ാം ക്ലാസ് ഉൾപ്പെടെ (ജൂനിയർ വിഭാഗം)
3. അൾത്താരസംഘം - 8-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് ഉൾപ്പെടെ (സീനിയർ വിഭാഗം)
4. ജൂനിയർ സി.എൽ.സി. - 8-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് ഉൾപ്പെടെ

- ഒരു ഇടവകയിൽ നിന്ന് ഓരോ വിഭാഗത്തിലും, ഒരു ഇനത്തിൽ

ഒരാൾക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

- ഉപന്യാസ മത്സരമൊഴികെ ചെറുകഥ, കവിത, കുഞ്ഞിക്കവിത എന്നിവയ്ക്കുള്ള വിഷയങ്ങൾ മത്സരത്തിന് അരമണിക്കൂർ മുമ്പാണ് നൽകുക.
- **ഉപന്യാസ വിഷയങ്ങൾ:**

1. തിരുബാലസഖ്യം : ദൈവവചനവും ക്രിസ്തീയ ജീവിതവും
2. അൾത്താരസംഘം (ജൂനിയർ വിഭാഗം): ഭാരത അപ്പസ്തോലൻ - മാർ തോമാശ്ലീഹാ
3. അൾത്താരസംഘം (സീനിയർ വിഭാഗം) : കുടുംബം: വിശ്വാസജീവിതത്തിന്റെ വിളനിലം
4. ജൂനിയർ സി.എൽ.സി. : വചന പ്രഘോഷണത്തിൽ ക്രൈസ്തവന്റെ പങ്ക്

- ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്കും 'എ' ഗ്രേഡിനും സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
- സമ്മാനങ്ങൾ 2023 ജനുവരി 29 ന് നടക്കുന്ന അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി അവാർഡ് ദിനത്തിൽ നൽകുന്നതായിരിക്കും.

**അൾത്താരസംഘം**

അൾത്താരസംഘം കുട്ടികളുടെ മധ്യസ്ഥനായ വി. ജോൺ ബെർക്കുമെൻസിന്റെ തിരുനാൾ ആഗസ്റ്റ് 13 ന് ഇടവകതലത്തിൽ ആഘോഷപൂർവ്വം കൊണ്ടാടണമെന്ന് ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം കുട്ടികൾ ഒരുമിച്ചു കൂർബാന മധ്യേ കാഴ്ച്ചസമർപ്പണം നടത്താനും, മീറ്റിംങ്ങ് കൂടാനും പതാകദിനം നടത്താനും ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു. അൾത്താരസംഘത്തിന്റെ പതാക ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. പതാക ഒന്നിന് 75 രൂപയാണ് വില.

**ആനിമേറ്റേഴ്സ് സെമിനാർ**

തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി. സംഘടനകളിലെ ആനിമേറ്റേഴ്സിനായി അർദ്ധദിന സെമിനാർ ആഗസ്റ്റ് 18 വ്യാഴാഴ്ച്ച ഡി.ബി.സി.എൽ.സി യിൽവെച്ച് ഉച്ചതിരിഞ്ഞ് 1.30 മണി മുതൽ 4.00 മണി വരെ നടത്തുന്നു. എല്ലാ ആനിമേറ്റേഴ്സും നിർബന്ധമായി ഈ മീറ്റിങ്ങിൽ പങ്കെടുക്കേണ്ടതാണ്.

**ബൈബിൾ പൂക്കളേഴ്സ്**

അതിരുപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കായി 2022 സെപ്തംബർ 9-ാം തിയ്യതി വെള്ളിയാഴ്ച്ച കുരിയച്ചിറ സെന്റ് ജോസഫ് മോഡൽ ഹയർ സെക്കൻഡറി

സ്ക്കൂളിൽവെച്ച് ബൈബിൾ പൂക്കള മത്സരങ്ങൾ നടത്തുന്നു. പങ്കെടുക്കുന്നവർ ആഗസ്റ്റ് 31 ന് മുമ്പായി ഡി.ബി.സി.എൽ.സി. യിലുള്ള ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപയാണ്. രജിസ്ട്രേഷൻ ഫോം ലഭിക്കുന്നതിനായി **9947582522** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**നിബന്ധനകൾ**

1. പന്ത്രണ്ടാം ക്ലാസ്സും അതിനുതാഴെയുള്ള ക്ലാസ്സുകളിലെ മതബോധന വിദ്യാർത്ഥികളാണ് ഈ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
2. ഒരു ഇടവകയിൽ നിന്നും ഒരു ടീം മാത്രമേ പങ്കെടുക്കാൻ പാടുള്ളു. ടീമിൽ 7 പേർ കവിയരുത്. ഈ 7 പേർക്ക് മാത്രമേ മത്സര ഹാളിലേക്ക് മത്സരസമയത്ത് പ്രവേശിക്കാൻ കഴിയൂ.
3. 5 അടിയുള്ള സമചതുരത്തിനുള്ളിൽ ഒതുങ്ങുന്ന ഏതാകൃതിയുള്ള പൂക്കളവും നിർമ്മിക്കാവുന്നതാണ്.
4. ബൈബിൾ സംഭവങ്ങളെ ആസ്പദമാക്കി വേണം പൂക്കളം നിർമ്മിക്കാൻ. (പുസ്തകവും അദ്ധ്യായവും വാക്യവും പൂക്കളത്തിന് താഴെ രേഖപ്പെടുത്തേണ്ടതാണ്. ഇത് പൂക്കളത്തിന്റെ ഭാഗമല്ല.)
5. 20% പൂവ്, 80% എന്ത് ഉപയോഗിച്ച് വേണമെങ്കിലും കളം നിർമ്മിക്കാം. മത്സരഹാളിൽ പ്രവേശിച്ചു കഴിഞ്ഞാൽ പുറത്തുനിന്ന് യാതൊരു സഹായവും ലഭിക്കുന്നതല്ല.
6. രജിസ്ട്രേഷൻ ഫീസ് 100 രൂപയാണ്.
7. രാവിലെ 8.30 ന് നടക്കുന്ന നറുക്കെടുപ്പിലൂടെയാണ് പൂക്കളത്തിനുള്ള സ്ഥലങ്ങൾ നിശ്ചയിക്കുക. പൂക്കളം നിർമ്മിക്കാനുള്ള സമയം 3 മണിക്കൂർ ആണ്. കാലത്ത് 9 മണി മുതൽ 12 മണിവരെയാണ് മത്സര സമയം.
8. സമ്മാനങ്ങൾ: ഒന്നാം സമ്മാനം 3501 രൂപ, രണ്ടാം സമ്മാനം 3001 രൂപ, മൂന്നാം സമ്മാനം 2501 രൂപ, പ്രോത്സാഹന സമ്മാനങ്ങൾ 10 ടീമുകൾക്ക് 501 രൂപ. സമ്മാനാർഹരാകുന്നവർക്ക് മെമന്റോയും ലഭിക്കുന്നതാണ്.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** “ദൈവപ്രമാണങ്ങൾ അനുസരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ വലിയവനെന്ന് വിളിക്കപ്പെടും” (മത്തായി 5: 19)

**സുകൃതജപം:** ഈശോയെ എന്റെ ഏക ആശ്രയമേ, അങ്ങിൽ ഞാൻ ശരണപ്പെടുന്നു.

**പ്രാർത്ഥനാ നിയോഗം:** പരിശുദ്ധാത്മാവിൽ നിറഞ്ഞുകൊണ്ട് പ്രാർത്ഥ

നയിലൂടെയും ഉപവിപ്രവർത്തനങ്ങളിലൂടെയും നമ്മിൽ നവീകരണം നടക്കുന്നതിനായി പ്രാർത്ഥിക്കാം.

**പരിചയപ്പെടുന്ന വിശുദ്ധൻ:** ദൈവമാതൃഭക്തൻ എന്ന അപരനാമമുള്ള വി. ബർണാർദ്ദാണ് ഈ മാസം നമ്മൾ പരിചയപ്പെടുന്ന വിശുദ്ധൻ. വിശുദ്ധന്റെ തിരുനാൾ ആഗസ്റ്റ് 20 ന് തിരുസഭയിൽ കൊണ്ടാടുന്നു.

**പ്രവർത്തനം**: പ്രകൃതിക്ഷോഭത്താലും രോഗത്താലും കഷ്ടപ്പെടുന്ന വരെ സഹായിക്കുവാനുള്ള സന്നദ്ധത കാണിക്കുക.

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

# മദ്യവിരുദ്ധ സമിതി

**1. സംസ്ഥാന സമ്മേളനം**

14.06.2022 ന് എറണാകുളം പി.ഒ.സി.യിൽ വച്ച് കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ സംസ്ഥാന സമ്മേളനത്തിൽ തൃശൂർ അതിരൂപത ഡയറക്ടർ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരന്റെ നേതൃത്വത്തിൽ കോർ കമ്മിറ്റി അംഗങ്ങളായ സി.പി. ഡേവീസ്, ടി.എസ്. അബ്രാഹം, ട.ടി. കൊച്ചുവർക്കി, വി.ഐ. ജോസ് എന്നിവർ പങ്കെടുത്തു.

**2. വാ. മാറ്റ് ടാൽബോത്ത് അനുസ്മരണം**

മദ്യവിരുദ്ധസമിതിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വാ. മാറ്റ് ടാൽബോത്ത് ദിനം19.06.2022 ഞായറാഴ്ച തൃശൂർ അതിരൂപത മദ്യവിരുദ്ധ സമിതി സമുചിതമായി ആഘോഷിച്ചു. ചേർപ്പ് സെന്റ് ആന്റണീസ് പള്ളിയിൽ രാവിലെ കുർബാനയും വചന സന്ദേശവും നൽകി ഡയറക്ടറച്ചൻ ആചരണത്തിന് തുടക്കം കുറിച്ചു. പ്രധാന ചടങ്ങുകൾ ചേറൂരിലുള്ള NEST എന്ന ലഹരി വിരുദ്ധചികിത്സാ സ്ഥാപനത്തിലാണ് അരങ്ങേറിയത്. അതിരൂപത പ്രസിഡന്റ് സി.പി. ഡേവീസിന്റെ അദ്ധ്യക്ഷ തയിൽ ചേർന്ന അനുസ്മരണ യോഗത്തിന് നെസ്റ്റ് ഡയറക്ടർ ബഹു. ഫാ. ടിജോ ജോയ് മുള്ളക്കര സ്വാഗതം ആശംസിച്ചു. അതിരൂപത ഡയറക്ടർ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ആമുഖപ്രഭാഷണം നടത്തി.

ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത് സെന്റ് തോമസ് കോളെജ് പ്രിൻസിപ്പൽ റവ. ഫാ. ഡോ. മാർട്ടിൻ കൊളമ്പ്രത്താണ്.
ചേർപ്പ് റേഞ്ച് എക്സൈസ് പ്രിവന്റീവ് ഓഫീസർ ശ്രീ. പി. രാമചന്ദ്രൻ ലഹരി വസ്തുക്കളുടെ ഉപയോഗം മൂലം വ്യക്തികൾക്കും സമൂഹത്തിനും സംഭവിക്കുന്ന വിപത്തുകളുടെ കാണാക്കയങ്ങളെപ്പറ്റി ക്ലാസ് നയിച്ചു. ലഹരിവിരുദ്ധ സന്ദേശം അടങ്ങിയ കവിത കുമാരി റിമി ജയ്സനും മദ്യവിരുദ്ധഗാനം ജോയിന്റ് സെക്രട്ടറി ഐ.ജെ. സിജോയും ആലപിച്ചു. വികാരി ബഹു. ഫാ. അജിത് തച്ചോത്ത്, കൗൺസിലർ അഡ്വ. വില്ലി ജിജോ, സെക്രട്ടറി ടി.എസ്. അബ്രാഹം എന്നിവർ ആശംസകളർപ്പിച്ചു. മദ്യവിരുദ്ധസമിതി ചേറൂർ യൂണിറ്റ് പ്രസിഡന്റ് പി.എ. വർഗ്ഗീസ് കൃതജ്ഞതയോതി.

**3. കോർ കമ്മിറ്റി മീററിംഗ്**

21.06.2022 ന് സമിതി ഓഫീസിൽ വച്ച് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ആസന്നമായിരിക്കുന്ന അന്താരാഷ്ട്ര ലഹരിവിരുദ്ധദിനം സമുചിതമായി ആചരിക്കുന്നതിനു വേണ്ട കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചു. ജൂലൈ മാസത്തിൽ നടപ്പിലാക്കേണ്ട പ്രസംഗ – ചിത്രരചന – ക്വിസ് – ലേഖന മത്സരങ്ങളുടെ നടത്തിപ്പിന് കൺവീനർമാരെ ചുമതലപ്പെടുത്തി.

**4. അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം**

ജൂൺ 26 ന് അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം സമുചിതമായി ആചരിച്ചു. പാസ്റ്ററൽ സെന്ററിലെ ബിഷപ്പ് ജോസഫ് കുണ്ടുകുളം ഹാളിൽ പ്രധാന പരിപാടി അരങ്ങേറി. അതിരൂപത പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന് ഡയറക്ടറച്ചൻ സ്വാഗതവും ആമുഖപ്രഭാഷണവും ചെയ്തു. അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാനച്ചൻ അനുഗ്രഹ പ്രഭാഷണം നടത്തി. ഉദ്ഘാടനകർമ്മം നിർവ്വഹിച്ചത് കേരള മുൻ ആരോഗ്യ മന്ത്രിയും മുൻ സ്പീക്കറുമായിരുന്ന ശ്രീ. വി.എം. സുധീരനായിരുന്നു. തൃശൂർ എം.പി. ശ്രീ. ടി. എൻ. പ്രതാപൻ ദിനാചരണത്തിന്റെ മുഖ്യസന്ദേശം നൽകി. ശ്രീമതി ഡോ. ഇന്ദു പോളി ആശംസകളർപ്പിച്ചു. പ്രമുഖ വചന പ്രഘോഷകനായ ബ്രദർ ഷാജി ക്ലാസ് എടുത്തു. സമിതി സെക്രട്ടറി ടി.എസ്. അബ്രാഹത്തിന്റെ കൃതജ്ഞതാർപ്പണത്തോടെ യോഗനടപടികൾക്ക് പരിസമാപ്തിയായി.

**5. പുതിയ യൂണിറ്റ് രൂപീകരണം**

10.07.2022 ൽ പട്ടിക്കാട് ഫൊറോനയിലെ ചിറക്കേക്കോട് സെന്റ് മേരീസ് ഇടവകയിൽ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ പുതിയ യൂണിറ്റ്

രൂപീകൃതമായി. ഇടവക വികാരി ബഹു. ഫാ. സിറിയക് ചാലിശ്ശേരിയുടെ സാന്നിധ്യത്തിൽ രൂപത പ്രസിഡന്റ് സി.പി. ഡേവീസ് മദ്യവിരുദ്ധസമിതിയുടെ പ്രവർത്തനങ്ങളേയും ആശയങ്ങളേയും ലക്ഷ്യത്തേയും കുറിച്ച് ക്ലാസ്സെടുത്തു. വൈസ് പ്രസിഡന്റ് ടി.ടി. കൊച്ചുവർക്കി വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിന് നേതൃത്വം നൽകി. ശ്രീ. അലോഷ്യസ് പ്രസിഡന്റായി പുതിയ ഭരണസമിതി തെരഞ്ഞെടുക്കപ്പെട്ടു. സമ്മേളനാനന്തരം ലഹരിവിരുദ്ധ പ്രതിജ്ഞയോടുകൂടിയാണ് പരിപാടികൾക്ക് തിരശ്ശീല വീണത്.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ജോസ് വടക്കേത്തല**
പി.ആർ.ഒ.

# കത്തോലിക്ക കോൺഗ്രസ്സ്

**വിശ്വാസസംരക്ഷണ യാത്ര**

തോമാശ്ലീഹായുടെ 1950–ാം രക്തസാക്ഷിത്വദിനത്തിനോടനുബന്ധിച്ച് കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ പട്ടിക്കാട് ഫൊറോന ദേവാലയത്തിൽ നിന്നാരംഭിച്ച ദീപശിഖയുമേന്തിയുള്ള വിശ്വാസസംരക്ഷണയാത്ര പാലയൂരിൽ സമാപിച്ചു. മാർ ആൻഡ്രൂസ് താഴത്ത് സംരക്ഷണയാത്രയുടെ ഉദ്ഘാടനവും, മാർ ടോണി നീലങ്കാവിൽ സമാപനയോഗം ഉദ്ഘാടനവും നിർവ്വഹിച്ചു. അതിരൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**പ്രതിഷേധം, പ്രതികരണം**

പാഠപുസ്തകത്തിൽനിന്നും ചാവറയച്ചനെ വിസ്മരിച്ചതിലും, അഗതി, അനാഥ മന്ദിരങ്ങളിലേക്കുള്ള ആനുകൂല്യങ്ങൾ നിർത്തലാക്കിയതിലും ദുക്റാന തിരുനാളിന്റെ അന്ന് സർക്കാർ ഓഫീസുകൾ പ്രവൃത്തി ദിനമാക്കുന്നതിലും അതിരൂപതസമിതി പ്രതിഷേധിച്ചുകൊണ്ട് പ്രതികരണമറിയിച്ചു.

**നേതൃപരിശീലന ക്ലാസ്സും ഗ്ലോബൽ ഭാരവാഹി സന്ദർശനവും**

ആഗസ്റ്റ് മാസത്തിൽ ഒരുക്കുന്ന നേതൃപരിശീലന ക്ലാസ്സിന്റെയും

തദവസരത്തിൽ ഗ്ലോബൽ ഭാരവാഹികളുടെ രൂപതാ സന്ദർശനം നടത്തുന്നതിന്റെയും ഒരുക്കങ്ങൾ പൂർത്തിയായി.

**ഫാ. വർഗ്ഗീസ് കൂത്തൂര്**
ഡയറക്ടർ

**ജോഷി വടക്കൻ**
പ്രസിഡന്റ്

**എൻ.പി. ജാക്സൺ**
ജനറൽ സെക്രട്ടറി

# കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.)



**ഗാർഹിക തൊഴിലാളി ദിനാചരണവും ഗാർഹിക തൊഴിലാളി സംഗമവും**

2022 ജൂൺ 16 വ്യാഴം ഉച്ചക്കു ശേഷം 02.00 മണിക്ക് തൃശൂർ ഫാമിലി അപ്പോസ്റ്റലേറ്റ് ഹാളിൽ ശ്രീമതി ഷെറിൻ ബാബുവിന്റെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ച സംസ്ഥാന തലത്തിലുള്ള സംഗമം മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. കെ.എൽ.എം. സംസ്ഥാന നേതാക്കളായ ഫാ. പ്രസാദ് കണ്ടത്തിപ്പറമ്പിൽ, ബാബു തണ്ണിക്കോട്ട്, ജോസ് മാത്യു, ഡിക്സൺ മനീക്ക്, മോളി ജോബി, ഷീജൻ മാത്യു, അതിരൂപത ഡയറക്ടർ ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ, അതിരൂപത പ്രസിഡന്റ് ബിജു ചിറയത്ത്, ആന്റോ പോൾ, ജോയി മാളിയേക്കൽ, മോളി വർഗീസ് തുടങ്ങിയവർ സംസാരിച്ചു. തൃശൂർ അതിരൂപത കെ.എൽ.എം. സമിതി നേതൃത്വം നല്കി.

**അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ഫണ്ട് (2015) അംഗത്വം**

2022 ജൂൺ 16 ന് സംഘടിപ്പിച്ച രജിസ്ട്രേഷൻ ക്യാമ്പിൽ പങ്കെടുത്ത 55 പേർക്ക് അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ഫണ്ടിൽ അംഗത്വം ലഭിച്ചു. തൃശൂർ അതിരൂപത കെ.എൽ.എം. സമിതി നേതൃത്വം നല്കി.

**കെ.എൽ.എം. മേഖല നേതൃപരിശീലന ക്യാമ്പ്**

കേരള ലേബർ മൂവ്മെന്റിന്റെ തൃശൂർ മേഖലയിലെ അംഗങ്ങളായ ഇരിങ്ങാലക്കുട, കോട്ടപ്പുറം, തൃശൂർ, പാലക്കാട്,

സുൽത്താൻപേട്ട് എന്നീ രൂപതകളിൽ തൊഴിലാളി സംഘാടനത്തിന് നേതൃത്വം നല്കുന്ന കെ.എൽ.എം. അംഗങ്ങളെ ഉൾപെടുത്തി തൃശൂർ ഡി.ബി.സി.എൽ.സി.യിൽ 2022 ജൂൺ 20 തിങ്കളാഴ്ച നടത്തിയ നേതൃത്വ പരിശീലന ക്യാമ്പ് തൃശൂർ അതിരൂപത വികാരി ജനറാളും കെ.എൽ. എം. മുൻ അതിരൂപത ഡയറക്ടറുമായ മോൺ. ഫാ. ജോസ് കോനിക്കര ഉദ്ഘാടനം നിർവഹിച്ചു. സംസ്ഥാന പ്രസിഡന്റ് ശ്രീ ബാബു തണ്ണിക്കോട്ട് അദ്ധ്യക്ഷത വഹിക്കുകയും സംസ്ഥാന ഡയറക്ടർ ഫാ. പ്രസാദ് കണ്ടത്തിപ്പറമ്പിൽ, ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ, ജോസ് മാത്യു ഊക്കൻ, മോളി ജോബി, ഷീജൻ മാത്യു തുടങ്ങിയവർ പ്രസംഗിച്ചു. ശ്രീമതി ജെൻസി വർഗീസ്, ബാബു തണ്ണിക്കോട്ട്, ജോയ് ഗോതുരുത്ത് എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു.

**അർദ്ധവാർഷിക ജനറൽ ബോഡി യോഗം**

കേരള ലേബർ മൂവ്മെന്റിന്റെ തൃശൂർ അതിരൂപത അർദ്ധവാർഷിക ജനറൽ ബോഡി യോഗം വടക്കാഞ്ചേരി മേഖലയിലെ (ഫൊറോന) കരുമത്ര ഇടവക യൂണിറ്റിൽ 2022 ജൂലൈ 31 ഉച്ചക്കു ശേഷം 02.00 മണിക്ക് സംഘടിപ്പിക്കുന്നു. യൂണിറ്റ് ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, അതിരൂപത കൗൺസിലർമാർ എന്നിവരും മേഖല (ഫൊറോന) ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, എന്നിവരും പങ്കെടുക്കേണ്ടതാണ്.

**ആന്റോ പോൾ**
ജനറൽ സെക്രട്ടറി

**ഫാ. ജോർജ് തോമസ്**
**നിരപ്പുകാലായിൽ**
ഡയറക്ടർ

# KCSL

**2022–2023 അദ്ധ്യയനവർഷത്തേക്കുള്ള വിദ്യാർത്ഥി ഭാരവാഹികളെ തിരഞ്ഞെടുത്തു.**

തൃശൂർ അതിരൂപത ഗഇടഘ 2022–2023 അദ്ധ്യയനവർഷത്തേക്കുള്ള വിദ്യാർത്ഥി ഭാരവാഹികളെ തിരഞ്ഞെടുത്തു. ചെയർപേഴ്സനായി ബ്രഹ്മകുളം സെന്റ് തെരേസാസ് ഗേൾസ് ഹൈസ്കൂളിലെ റോസ്മേരി ജോണിനേയും ജനറൽ സെക്രട്ടറിയായി ചെങ്ങാലൂർ സെന്റ് മേരീസ്

ഹൈസ്കൂളിലെ ഫാബിയൻ ജെയ്സനേയും തിരഞ്ഞെടുത്തു. HS, HSS, UP സെക്രട്ടറിമാരേയും തിരഞ്ഞെടുത്തു. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി ഭാരവാഹികൾ ഡയറക്ടർ ചൊല്ലിക്കൊടുത്ത പ്രതിജ്ഞ ഏറ്റുചൊല്ലി ഉത്തരവാദിത്തം ഏറ്റു.

**പ്രവർത്തനോദ്ഘാടനവും ആനിമേറ്റേഴ്സ് സംഗമവും**

അതിരൂപതാ ആനിമേറ്റേഴ്സ് സംഗമവും പ്രവർത്തനോദ്ഘാട നവും ജൂൺ 24ന് അതിരൂപതാ ഫാമിലി അപ്പസ്തോലേറ്റ് ഹാളിൽവെച്ച് നടത്തപ്പെട്ടു. മാർഗ്ഗരേഖാ അവതരണവും ചർച്ചയും നടന്നു. ചാരിറ്റി കൂപ്പൺ തുടരാൻ യോഗം തീരുമാനമെടുത്തു. ബൊക്കെ ഒന്നാംലക്കം പുറത്തിറങ്ങി. (Online ആയി)

**അതിരൂപതാ ഏകദിനശില്പശാലയും മദർതെരേസ ദിനവും**

അതിരൂപതാ ശില്പശാലയും മദർ തെരേസദിനവും ഓഗസ്റ്റ് 18ന് തൃശൂർ സെന്റ് തോമസ് കോളെജ് ഒടട ൽ വെച്ച് നടക്കും. കാലത്ത് 9.30ന് പഠനവിഷയാവതരണവും സെമിനാറും ഡോ. P.V. ആന്റോ നേതൃത്വം നൽകും. 10.15ന് മദർ തെരേസാദിന സമ്മേളനം ചാരിറ്റി പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും. ഉച്ചക്ക് 11 മുതൽ സ്റ്റഡിസർക്കിൾ ശില്പശാല. സ്റ്റഡിസർക്കിൾ ശില്പശാലക്ക് സ്റ്റേറ്റ് കലോത്സവ ജഡ്ജും ഗജടഘ എറണാകുളം അതിരൂപതാ പ്രസിഡന്റുമായ ശ്രീ. സോയി കള മ്പാട്ട് നേതൃത്വം നൽകും. അതിരൂപതാ കലോത്സവത്തിന് പങ്കെടുക്കുന്ന സ്റ്റഡിസർക്കിൾ മത്സരാർത്ഥികൾക്ക് ശില്പശാല സഹായകമായിരി ക്കും. പരമാവധി വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ ആനിമേറ്റർമാർ ശ്രദ്ധി ക്കുമല്ലോ.

**ചാരിറ്റി പ്രവർത്തനം**

മദർ തെരേസാദിനത്തോടനുബന്ധിച്ച് വസ്ത്രശേഖരണ വിത രണം സംഘടിപ്പിക്കുന്നു. ഈ വർഷം അതിരൂപത അതിർത്തിക്കുള്ളിലെ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കായി ലുങ്കി, നൈറ്റി, പുതപ്പ് എന്നിവ ശേഖരിച്ച് വിതരണം ചെയ്യുന്നു. മുൻവർഷത്തേതിൽനിന്ന് വിഭി ന്നമായി പുതിയ വസ്ത്രങ്ങൾ മാത്രമാണ് ശേഖരിച്ച് വിതരണം നട ത്തേണ്ടത്. യൂണിറ്റുകളിൽനിന്ന് ശേഖരിക്കുന്നവ ഇത്തരം സ്ഥാപനങ്ങ ളിൽ ആനിമേറ്റർമാരുടെ നേതൃത്വത്തിൽ ഗജടഘ അംഗങ്ങൾക്ക് തന്നെ വിതരണം ചെയ്യാവുന്നതാണ്. മദർ തെരേസാദിനം ആഘോഷിക്കുന്ന ആഗസ്റ്റ് 18ന് സെന്റ് തോമസ് കോളെജ് ഒടട ൽ എല്പിക്കുന്നുവെ ങ്കിൽ അതിരൂപതാ KCSL ഇവ വിതരണം ചെയ്യുന്നതാണ്.

**കലോത്സവവും സാഹിത്യോത്സവവും**

2022–2023 അദ്ധ്യയനവർഷത്തെ സാഹിത്യോത്സവം സെപ്തം

ബർ 21 നും കലോത്സവം ഒക്ടോബർ 8 നും നടക്കുന്നു. കലോത്സവ ഫോമുകൾ പൂരിപ്പിച്ച് നൽകേണ്ട അവസാന ദിനം ആഗസ്റ്റ് 18 ആണ്. ഈ വർഷം മുതൽ കലോത്സവ സാഹിത്യോത്സവ മത്സര രജിസ്ട്രേഷന് ജനറൽ ബോഡി തീരുമാനപ്രകാരം 10 രൂപ രജിസ്ട്രേഷൻ ഫീസായി വാങ്ങുന്നതാണ്. പേര് മാറ്റുന്ന പ്രക്രിയ കഴിവതും ഒഴിവാക്കാനാണ് ഇത് ചെയ്യുന്നത്. സഹകരിക്കുമല്ലോ.

**ഫാ. ജോയ് അടമ്പുകുളം**
*ഡയറക്ടർ*

# സി.എൽ.സി.

**തൃശ്ശൂർ അതിരൂപത സി എൽ സി ജനറൽ ബോഡി യോഗം**

തൃശ്ശൂർ അതിരൂപത സി എൽ സിയുടെ അർദ്ധവാർഷിക ജനറൽ ബോഡി യോഗം ജൂലൈ 10 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് തൃശ്ശൂർ അതിരൂപത ഫാമിലി അപ്പോസ്ഥലേറ്റിൽ വച്ച് നടന്നു. മാർ ആൻഡ്രൂസ് താഴത്ത് പിതാവ് യോഗം ഉദ്ഘാടനം ചെയ്തു. അതിരൂപത സി എൽ സി പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് ആമുഖ പ്രഭാഷണം നടത്തി. സംസ്ഥാന സി എൽ സി പ്രമോട്ടർ ഫാ. ഫ്രജോ വാഴപ്പിള്ളി, അനിമേറ്റർ സി. ജ്യോതിസ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. സെക്രട്ടറി ഫെസിൻ മാത്യൂ എം റിപ്പോർട്ടും, എയ്ഞ്ചൽ പ്രാർത്ഥനയും, ട്രഷറർ അജിത്ത് വർഗ്ഗീസ് സ്വാഗതവും വൈസ് പ്രസിഡന്റ് അനീറ്റ ആന്റണി നന്ദിയും മീറ്റിംഗിൽ രേഖപ്പെടുത്തി. 150ൽ പരം അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.

**വിശ്വാസസംരക്ഷണ പതാക പ്രയാണം**

മാർതോമാശ്ലീഹായുടെ 1950 മത് രക്തസാക്ഷിത്വത്തിന്റെ ഭാഗമായി നടക്കുന്ന വിശ്വാസസംരക്ഷണ പ്രയാണത്തിനായുള്ള പതാക അന്തർദേശീയ മാർതോമാ തീർത്ഥകേന്ദ്രമായ മലയാറ്റൂർ ദേവാലയത്തിലേക്ക് ജൂലൈ 2 രാവിലെ 5 മണിക്ക് അതിരൂപത ബിഷപ്പ് ഹൗസിൽ നിന്നും പുറപ്പെട്ട സംഘം 7.30 ന് മലയാറ്റൂർ മലമുകളിലെത്തി പതാക അവിടെ പ്രതിഷ്ഠിക്കുകയും തുടർന്ന് വിശുദ്ധ കുർബാനയിൽ

പങ്ക് ചേരുകയും ചെയ്തു. വിശുദ്ധ കുർബാനയ്ക്ക് ശേഷം ഫാ. ജോ കല്ലാനി പ്രയാണാത്തിനായുള്ള പതാക ആശീർവദിച്ചു നൽകുകയും ചെയ്തു.

തീർത്ഥകേന്ദ്രം വികാരി ഫാ. വർഗ്ഗീസ് മണവാളനിൽ നിന്നും സി എൽ സി അതിരൂപത പ്രസിഡന്റ് ഡോംസൺ സൈമൺ, ജീസസ് യൂത്ത് കോർഡിനേറ്റർ ബ്രിട്ടോ മൈക്കിൾ എന്നിവർ ചേർന്ന് ഏറ്റുവാങ്ങി. സി എൽ സി, ജീസസ് യൂത്ത് അതിരൂപത ഭാരവാഹികളായ ഫെസിൻ മാത്യൂ എം, അജിത് വർഗ്ഗീസ്, ജോയൽ ജോസഫ്, ലിജോ ജോസ് എന്നിവർ പങ്കെടുത്തു.

ഉച്ചതിരിഞ്ഞ് 12.30 ന് തൃശ്ശൂർ ലൂർദ് കത്തീഡ്രൽ ദേവാലയത്തിൽ എത്തിച്ചേർന്ന പതാക പ്രയാണത്തെ അതിരൂപത ഫിനാൻസ് ഓഫീസർ ഫാ. വർഗ്ഗീസ് കൂത്തൂർ വിശ്വാസി സമൂഹത്തെ സാക്ഷിയാക്കി ഏറ്റുവാങ്ങി.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രൊമോട്ടർ

**ഫാ. അൻവിൻ ചിറ്റിലപ്പിള്ളി**
അസി. പ്രൊമോട്ടർ

**ഡോംസൺ സൈമൺ**
പ്രസിഡന്റ്

# കെസിവൈഎം

## പ്രകൃതി പഠനക്യാമ്പ് സംഘടിപ്പിച്ച് കെ സി വൈ എം തൃശ്ശൂർ അതിരൂപത

പ്രകൃതിയെ സംരക്ഷിക്കാം, യുവത്വം നിലനിർത്താം 'എന്ന ആപ്തവാക്യം കേന്ദ്രീകരിച്ച് കെ സി വൈ എം തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ പുതുക്കാട് ഫൊറോനയുടെ ആഭിമുഖ്യത്തോടെ ചിമ്മിനി വന്യജീവി സങ്കേതത്തിൽ പ്രകൃതി പഠന ക്യാമ്പ് നടത്തി. തൃശ്ശൂർ അതിരൂപതയിലെ 16 ഫൊറോനകളിൽ നിന്നായി 300 ഓളം യുവജനങ്ങൾ പങ്കെടുത്തു. അതിരൂപത ഡയറക്ടർ ഫാ. ലിൻസൺ തട്ടിൽ, വേലുപ്പാടം വികാരി ഫാ. ജോബ് വടക്കൻ, അതിരൂപത പ്രസിഡന്റ് സാജൻ

ജോയ്, ജനറൽ സെക്രട്ടറി അഖിൽ ജോസ്, ട്രഷറർ ജിഷാദ് ജോസ്, വൈസ് പ്രസിഡന്റ് ജെസ്ന ജീജോ, സെക്രട്ടറിമാരായ മെജോ മോസസ്, ആനിമേറ്റർ സി. ഫ്രാൻസി മരിയ, സാജൻ ജോസ്, ഹെൽന സാബു, ടോണി കല്ലൂക്കാരൻ ,മെജോ പൊറത്തൂർ, ഡാനിയേൽ ജോസഫ്, സ്നേഹ ബെന്നി പുതുക്കാട് ഫൊറോന ഭാരവാഹികള അലക്സ്, അനസ് വേലൂപ്പാടം പ്രസിഡന്റ് സോനു മറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**പരിസ്ഥിതി ദിനാചരണവുമായി കെ സി വൈ എം**

കെ സി വൈ എം തൃശ്ശൂർ അതിരൂപതയുടെയും, പുത്തൂർ ഫൊറോനയുടെയും ആഭിമുഖ്യത്തിൽ തൃക്കൂർ സെന്റ് ആന്റണീസ് ദേവാലയത്തിൽ വെച്ച് അതിരൂപത പരിസ്ഥിതി ദിനാചരണം നടന്നു. 'നമ്മുടെ വരും തലമുറയ്ക്ക് തണൽ ഒരുക്കേണ്ടത് നമ്മുടെ കടമയാണ് 'എന്ന ആപ്തവാക്യം കേന്ദ്രീകരിച്ചായിരുന്നും പരിസ്ഥിതി ദിനാഘോഷം നടത്തിയത്. തൃക്കൂർ ഇടവക വികാരി ഫാ. ഷോൺസൻ ആക്കമറ്റത്തിൽ പരിസ്ഥിതി ദിനാചരണം ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ലിൻസൺ തട്ടിൽ സന്ദേശം നൽകി. അതിരൂപത പ്രസിഡന്റ് സാജൻ ജോയ്, ജനറൽ സെക്രട്ടറി അഖിൽ ജോസ്, ട്രഷറർ ജിഷാദ് ജോസ്, സെക്രട്ടറി മെജോ മോസസ്, സിൻഡിക്കേറ്റ് മെംബർ സാജൻ ജോസ് ആനിമേറ്റർ സി. ഫ്രാൻസി മരിയ, സെനറ്റ് മെമ്പർമാരായ ടോണി കല്ലൂക്കാരൻ, മെജോ പൊറത്തുർ, SMYM പ്രതിനിധികളായ ഡാനിയേൽ ജോസഫ് , സ്നേഹ ബെന്നി, പുത്തൂർ ഫൊറോന പ്രസിഡന്റ് ആൽബിൻ എന്നിവർ നേതൃത്വം നൽകി.

**ഊർജ്ജ സംരക്ഷണ റാലി നടത്തി**

പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് കെ സി വൈ എം തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ ഊർജ്ജ സംരക്ഷണ റാലി സംഘടിപ്പിച്ചു. തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ നിന്ന് ആരംഭിച്ച റാലി ഫാ.ബിജു പാണേങ്ങാടൻ ഫ്ളാഗ് ഓഫ് ചെയ്തു. തുടർന്ന് തൃശ്ശൂർ റൗണ്ട് ചുറ്റിയതിന് ശേഷം സമാപനം തൃശ്ശൂർ കോർപ്പറേഷൻ ഓഫീസിന് സമീപം നടന്നു. അഡ്വ. സോജൻ ജോബ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ലിൻസൺ തട്ടിൽ, അതിരൂപത പ്രസിഡന്റ് സാജൻ ജോയ്, ജനറൽ സെക്രട്ടറി അഖിൽ ജോസ്, ട്രഷറർ ജിഷാദ് ജോസ്, സെക്രട്ടറി മെജോ മോസസ്, സിൻഡിക്കേറ്റ് മെംബർ സാജൻ ജോസ്, സെനറ്റ് മെമ്പർമാരായ ടോണി കല്ലൂക്കാരൻ, മെജോ പൊറത്തുർ, SMYM പ്രതിനിധികളായ ഡാനിയേൽ ജോസഫ്, സ്നേഹ ബെന്നി, ഫൊറോന പ്രസിഡന്റ് മാരായ ഷാരോൺ,

എനോ, ശരത്ത് ജോസഫ് എന്നിവർ നേതൃത്വം നൽകി.

**കാർലോസ് കാരവാൻ ജപമാല സമർപ്പണവും, വണക്കമാസാചരണവും**

കെ സി വൈ എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ 32 രൂപതകളിലായി നടക്കുന്ന കാർലോസ് കാരവാൻ ജപമാല സമർപ്പണവും, വണക്കമാസാചരണവും കെ സി വൈ എം തൃശ്ശൂർ അതിരൂപതയുടെയും, ലൂർദ്ദ് ഫൊറോനയുടെയും ആഭിമുഖ്യത്തിൽ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ 31/05/2022 ചൊവ്വാഴ്ച വൈകീട്ട് 7 മണിക്ക് നടന്നു.

**ഫാ. ലിൻസൺ തട്ടിൽ**
ഡയറക്ടർ

**സാജൻ ജോയി**
പ്രസിഡന്റ്

**അഖിൽ ജോസ്**
സെക്രട്ടറി

# ജീസസ് യൂത്ത്

**പാരിഷ് ഫെസ്റ്റ് ലോഞ്ച്**

ഇടവകകളിലെ യുവജനങ്ങൾക്ക് പുത്തുനുണർവ്വും അടിയുറച്ച വിശ്വാസതീക്ഷണതയും പകരുവാനായി, തൃശ്ശൂർ ജീസസ് യൂത്ത് സോണൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ, എല്ലാ ഇടവകകളിലേയും യുവജനങ്ങൾക്കായി ആഗസ്റ്റ് 13,14,15 തിയ്യതികളിലായി ചെറുതുരുത്തി ജ്യോതി എഞ്ചിനിയറിംഗ് കോളേജിൽ വെച്ച് നടന്ന പ്രോഗ്രാം ആണ് പാരിഷ് ഫെസ്റ്റ് 2022.

ആയതിന്റെ അതിരൂപതാ തലത്തിൽ ഉള്ള ലോഞ്ചിംഗ് ജൂൺ 16 ന് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിൽവെച്ച് മാർ ടോണി നീലങ്കാവിൽ പിതാവ് തിരിതെളിയിച്ചുകൊണ്ട് നിർവഹിക്കുകയുണ്ടായി. അതിരൂപത ജീസസ് യൂത്ത് ഡയറക്ടർ ഫാ. ബാസ്റ്റ്യൻ പുന്നോലി പറമ്പിൽ, ജീസസ് യൂത്ത് തൃശ്ശൂർ സോണൽ കോർഡിനേറ്റർ ബ്രിറ്റോ മൈക്കിൾ, 16 സബ്സോണുകളിൽ നിന്നുള്ള പ്രതിനിധികൾ, തുടങ്ങി അറുപതോളം യുവജനങ്ങൾ സന്നിഹിതരായിരുന്നു.

തുടർന്നുള്ള ദിവസങ്ങളിൽ തൃശ്ശൂർ അതിരൂപതയിലെ എല്ലാ ഇടവകകളിലും അരമണിക്കൂർ മധ്യസ്ഥപ്രാർത്ഥനയും, വി.കുരിശിന്റെ പ്രയാണവും ഉണ്ടായിരിക്കും എന്ന് ജനറൽ കോർഡിനേറ്റർ അറിയിച്ചു.

**മാരികുളത്തേക്കൊരു ഔട്ട്റീച്ച്**

കേരള പാരിഷ് കോൺഫറൻസ് നടക്കുന്ന ആലപ്പുഴ സോണിലെ മാരാരിക്കുളം ഇടവകയിലെ ഔട്ട്റീച്ചിൽ നാൽപത്തഞ്ചോളം പേർ ഭാഗമാകുകയും സുവിശേഷവൽക്കരണത്തിന്റെ മധുരം നുകരുകയും ചെയ്തു.

**ചത്തീസ്ഖണ്ഡ് മിഷൻ**

സുവിശേഷവത്കരണത്തിനു താല്പര്യം പ്രകടിപ്പിച്ചുകൊണ്ട് വീണ്ടും ഒരു ജീസ് യൂത്ത് കുടുംബം ജൂലൈ മൂന്നിന് യാത്രയായി. ചത്തീസ്ഖണ്ഡിലെ റായ്പൂരിലേക്ക് ഒരു മാസത്തെ മിഷൻ പ്രവർത്തനങ്ങൾക്കായി പാവറട്ടി ഇടവകാംഗമായ രാജു സി.ജെ. & ഷാജി രാജു ദമ്പതികളാണ് മിഷൻ പ്രവർത്തനത്തിനായി ഇറങ്ങിപുറപ്പെട്ടിരിക്കുന്നത്.

**എം.എം.ജെ മിഷൻ ഫിനാലെ**

കേരള ജീസസ് യൂത്ത് മിഷൻ ടീമിന്റെ നേതൃത്വത്തിൽ സെൻട്രൽ ഇന്ത്യകേന്ദ്രീകരിച്ചു 9 മാസത്തോളം നീണ്ടുനിന്ന മിഷൻ പ്രവർത്തനത്തിന്റെ സമാപന ഗാദറിംഗ് ആയ MMJ FINALE (മിഷൻ മന്തി ജേർണി ഫിനാലെ) യുടെ ഭാഗമാകുന്നതിനായി തൃശ്ശൂർ അതിരൂപതയിൽ നിന്നും 14 ജീസസ് യൂത്ത് ലീഡേഴ്സും പങ്കാളികളായി. ബീഹാർ സംസ്ഥാനത്തിലെ പാട്ന രൂപതയിലെ എല്ലാ വീടുകളും കേന്ദ്രീകരിച്ചു ജൂൺ 5 നായിരുന്നു. മിഷൻ ഗാദറിംഗ്.

ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ സോണുകളിലൂടെയും ദിവ്യകാരുണ്യവുമായി സഞ്ചരിച്ചു നടത്തിയ ജെറീക്കോ പ്രയർ, മെയ് 15 ന് കുരിയച്ചിറ സെന്റ് പോൾസ് സ്കൂളിൽ നിന്നുമാണ് തുടക്കം കുറിച്ചത്.

ജീസസ് യൂത്ത് ലീഡേഴ്സും വൈദീകരും സന്യസ്ഥരും പങ്കുചേർന്ന് ഈ മിഷൻ യാത്ര മെയ് 26 നു പുറപ്പെട്ടു ജൂൺ 8 നു തിരിച്ചെത്തി.

**ബ്രിട്ടോ മൈക്കിൾ**
കോർഡിനേറ്റർ

**ഫാ. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിൽ**
ഡയറക്ടർ

**2022 ജൂലൈ 2ന് മാർ തോമാശ്ലീഹായുടെ
1950 ാം രക്തസാക്ഷിത്വ വാർഷികത്തിന്റെ
ഭാഗമായി നടന്ന വിശ്വാസസംരക്ഷണ യാത്ര**





**സ്വാതന്ത്ര്യദിനാശംസകൾ**

**ആഗസ്റ്റ് 15**

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.07.2022
**August- 2022**

## 2022 ജൂലൈ 3ന് പാലയൂർ മാർതോമാ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ തീർത്ഥകേന്ദ്രത്തിൽവച്ച് നടന്ന തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വർഷ ജൂബിലി മഹാസംഗമത്തിൽ നിന്ന്



Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor